# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ

ഏപ്രിൽ 2024 വാല്യം 63 ലക്കം 04

Season of Resurrection



യേശുക്രിസ്തുവിനോട് ഐക്യപ്പെട്ട് വിശുദ്ധജീവിതം നയിക്കാൻ
ആഗ്രഹിക്കുന്നവരെല്ലാം പീഢിപ്പിക്കപ്പെടും.
2 തിമോത്തേയോസ് 3 : 12



ധീര രക്തസാക്ഷി വിശുദ്ധ

ഗീവർഗീസ് സഹദായുടെ നാമധാരികളായ

**അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിനും**

**അഭിവന്ദ്യ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവിനും**

കോതമംഗലം രൂപതാകുടുംബത്തിന്റെ

# നാമഹേതുക തിരുനാൾ ആശംസകൾ

# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ

ഏപ്രിൽ 2024 വാല്യം 63 ലക്കം 04





## ഉള്ളടക്കം


5 മെയ്ദിന സന്ദേശം
10 രൂപതക്കച്ചേരി
13 മൈനർ സെമിനാരി
13 വിജ്ഞാനഭവൻ
16 ബൈബിൾ അപ്പോസ്റ്റലേറ്റ്
18 കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി
19 നിർമ്മല സിവിൽ സർവീസ് അക്കാദമി
20 സോഷ്യൽ സർവീസ്
23 ചെറുപുഷ്പ മിഷൻലീഗ്
25 ഫാമിലി അപ്പോസ്റ്റലേറ്റ്
25 പിതൃവേദി
26 മാതൃവേദി
27 യൂദിത്ത് മിനിസ്ട്രി
28 മദ്യവിരുദ്ധസമിതി
29 ഡി.എഫ്.സി.
30 യുവദീപ്തി – K.C.Y.M.
32 ജീസസ് യൂത്ത്
33 കത്തോലിക്കാ കോൺഗ്രസ്
34 പ്രാർത്ഥനാഗ്രൂപ്പ്
35 കേരള ലേബർ മൂവ്മെന്റ്
36 ഇൻഫാം
37 നെസ്റ്റ് പ്രോഗ്രാം
38 തിരുനാൾ മംഗളങ്ങൾ
39 രൂപതാദ്ധ്യക്ഷന്റെ ഡയറി
41 Bishop's Engagements
41 നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം
42 നിര്യാതരായി



**Patron**

MAR GEORGE MADATHIKANDATHIL
(Bishop of Kothamangalam)

**Editor**

REV. FR. JOSE KULATHOOR

**Printer & Publisher**

REV. DR. GEORGE THEKKEKARA



The Eparchial Curia, Bishop's House, P.B. No. 6
Kothamangalam - 686 691
8281946306 bishophouseklm@gmail.com


## പള്ളിയിൽ അറിയിക്കുവാൻ


Page 5 മെയ്ദിന സന്ദേശം
Page 11 പുതുഞായർ, ദൈവകരുണയുടെ തിരുനാൾ
Page 12 ജൂബിലി സ്മാരക സ്കോളർഷിപ്പ്
Page 14 രണ്ടാം സെമസ്റ്റർ പരീക്ഷ: ഏപ്രിൽ 6 ശനി
Page 16 ബൈബിൾ പകർത്തിയെഴുത്ത്


## തിരുനാളുകൾ



**7**
പുതുഞായർ, ദൈവകരുണയുടെ തിരുനാൾ




**28**
മാർ അദ്ദായി



**24**
വി. ഗീവർഗീസ്



**29**
സിയന്നായിലെ വി. കാതറിൻ



**25**
വി. മർക്കോസ്

No.: 4010/K-5/KCBC/OL/DS 22.03.2024

# കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന മെയ്ദിന സന്ദേശം 2024

## “തൊഴിലിനെയും തൊഴിലിന്റെ അന്തസ്സിനെയും നിഷേധിക്കുക എന്നതിനേക്കാൾ മോശമായ ഒരു ദാരിദ്ര്യാവസ്ഥയില്ല” (ഫ്രാൻസിസ് പാപ്പ, ഫ്രത്തേലി തൂത്തി 162)

ക്രിസ്തുവിൽ പ്രിയമുള്ള സഹോദരീ സഹോദരന്മാരേ,

അന്താരാഷ്ട്ര തൊഴിലാളിദിനത്തിന്റെ സർവ്വവിധ മംഗളങ്ങളും എല്ലാ തൊഴിലാളി സഹോദരങ്ങൾക്കും ആശംസിക്കുന്നു. തൊഴിലാളി സമൂഹത്തോടുള്ള തിരുസ്സഭയുടെ പ്രത്യേക കരുതലിന്റെ പ്രതീകമെന്ന നിലയിൽ മെയ് ഒന്നിനു തന്നെയാണ് ആഗോള കത്തോലിക്കാ സഭ തൊഴിലാളിയായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ ആചരിച്ചുവരുന്നത്. നമ്മുടെ നാഥനും രക്ഷകനുമായ യേശുവും തൊഴിലാളിയായിരുന്നുവെന്നു (മർക്കോ. 6:3) നമുക്ക് ഓർക്കാം.

“ദൈവം നടത്തുന്ന സൃഷ്ടികർമ്മത്തിൽ മാത്രമല്ല, രക്ഷാകർമ്മത്തിലും തൊഴിലിലൂടെ മനുഷ്യർ പങ്കുചേരുന്നു” വെന്നാണ് തിരുസ്സഭ പഠിപ്പിക്കുന്നത് (തിരുസ്സഭയുടെ സാമൂഹിക പ്രബോധനം- സംക്ഷേപം, 263). തൊഴിലിനും തൊഴിലാളിക്കും ഏറ്റവും ഉന്നതമായ സ്ഥാനമാണ് തിരുസ്സഭ കല്പിച്ചനുവദിച്ചിട്ടുള്ളത്.

പരിശുദ്ധ ഫ്രാൻസിസ് പാപ്പയുടെ നേതൃത്വത്തിൽ തിരുസ്സഭയെ സിനഡൽ സഭയായി രൂപപ്പെടുത്താനുള്ള ശ്രമത്തിലാണ്. എല്ലാ വിശ്വാസികളുടെയും ഒത്തൊരുമയിലും പങ്കാളിത്തത്തിലും പ്രേഷിതത്വത്തിലും സജീവതയോടെ നിറഞ്ഞു നിൽക്കുന്നതാണ് സിനഡൽ സഭ. സിനഡൽ സഭയുടെ ആവിർഭാവത്തിനായി പരിശുദ്ധ പിതാവിന്റെ ഈ പ്രവർത്തനത്തിൽ എല്ലാ തൊഴിലാളികളും സജീവമായി പങ്കുചേരണമെന്ന് ആഹ്വാനം ചെയ്യുന്നു.

സിനഡൽ സഭ രൂപപ്പെടുത്താനുള്ള അല്മായരുടെ സവിശേഷ പ്രവർത്തനമേഖലകളെയും രീതികളെയും സംബന്ധിച്ച് സിനഡ്

സമ്മേളനത്തിന്റെ അവസാനം പുറത്തിറക്കിയ സിനർജി രേഖയിൽ ഇങ്ങനെ വിവരിക്കുന്നു. “പൊതുനന്മയ്ക്കുവേണ്ടിയും, മനുഷ്യജീവിതത്തിന്റെ അന്തസ്സുയർത്തുന്നതിനു വേണ്ടിയുമുള്ള പ്രവർത്തനങ്ങളിൽ പ്രതിബദ്ധതയോടെ ഏർപ്പെടുക എന്നത് എല്ലാ ക്രൈസ്തവരുടെയും ചുമതലയാണ്. അതിനായി സഭയുടെ സാമൂഹിക സിദ്ധാന്തങ്ങളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടുകൊണ്ട്, ഒത്തൊരുമിച്ച് സമൂഹത്തിലെ സാമൂഹിക സന്നദ്ധ സംഘടനകൾ, ട്രേഡ് യൂണിയനുകൾ, ജനകീയ മുന്നേറ്റങ്ങൾ, ഗ്രാസ്റൂട്ട് സംഘടനകൾ, രാഷ്ട്രീയമണ്ഡലം എന്നിങ്ങനെയുള്ള മേഖലകളിൽ അൽമായർ പ്രവർത്തന സജ്ജരാകണം” (സിനർജി ഡോക്കുമെന്റ് 1, 4, g, 28-10-2023).

“എല്ലാവർക്കും സാമൂഹിക നീതിയും അന്തസ്സുള്ള തൊഴിലും” എന്നതാണ് ഈ വർഷത്തെ മെയ്ദിന ചിന്താവിഷയം. നീതിനിഷ്ഠമായ സമൂഹം രൂപപ്പെടണമെങ്കിൽ ‘അന്തസ്സുള്ള തൊഴിൽ’ എല്ലാവർക്കും ലഭ്യമാകണം. അന്താരാഷ്ട്രതൊഴിൽസംഘടന (ILO) അന്തസ്സുള്ള തൊഴിലിനായുള്ള അജണ്ട പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഏത് തൊഴിലിൽ ഏർപ്പെടുന്നവർക്കും ആവശ്യത്തിന് തൊഴിലും, തൊഴിൽ അവകാശങ്ങളും, സാമൂഹിക സുരക്ഷയും ലഭ്യമാക്കുക എന്നതാണ് അന്തസ്സുള്ള തൊഴിൽ എന്ന പദം കൊണ്ട് ഐ.എൽ. ഒ. ലക്ഷ്യം വയ്ക്കുന്നത്. അൻപത്തഞ്ച് കോടിയോളം തൊഴിലാളികൾ ഇന്ത്യയിൽ ഉണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇവരിൽ 94 ശതമാനം പേരും അസംഘടിത തൊഴിലാളികളാണ്. സംഘടനയില്ലാത്തവർ മാത്രമല്ല, അസംഘടിത തൊഴിലാളികൾ. പ്രത്യുത, തൊഴിൽസംരക്ഷണം, നിയമപരിരക്ഷ, സാമൂഹികസുരക്ഷ എന്നിവ ലഭ്യമല്ലാത്തവരാണ് ഇവർ. മറ്റൊരു രീതിയിൽ പറഞ്ഞാൽ ഇന്ത്യയിലെ തൊഴിലെടുക്കുന്നവരിലെ ബഹുഭൂരിപക്ഷവും ‘അന്തസ്സില്ലാത്ത തൊഴിൽ’ ചെയ്യുന്നവരാണെന്നതാണ്. രാജ്യത്ത് നിതാന്തമായി തുടരുന്ന ദാരിദ്ര്യത്തിന്റെ പ്രധാന കാരണം ബഹുജനങ്ങളുടെ തൊഴിലിന്റെ അസംഘടിതാവസ്ഥയാണ്.

ചെറുകിടകർഷകരും, കർഷകത്തൊഴിലാളികളും ഉൾപ്പെട്ടവരാണ് ഏറ്റവും വലിയ തൊഴിൽ വിഭാഗം. നിർമ്മാണത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, ഗാർഹികതൊഴിലാളികൾ, സ്വയം തൊഴിലധിഷ്ഠിതർ തുടങ്ങി നൂറ്റിയിരുപത്തഞ്ചിൽ പരം തൊഴിൽ വിഭാഗങ്ങളെ സർക്കാർ ലിസ്റ്റ് ചെയ്തിട്ടുണ്ട്. സംഘടിത മേഖലയിലെ അസംഘടിത

തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചു വരുന്നുവെന്നത് സമകാലിക പ്രതിഭാസമാണ്. ജിഗ് വർക്കേഴ്സ്, പ്ലാറ്റ്ഫോം വർക്കേഴ്സ് തുടങ്ങിയവർ പുതിയ തൊഴിൽ വിഭാഗങ്ങളാണ്. 94 ശതമാനം വരുന്ന അസംഘടിത തൊഴിലാളികളിൽ 11 ശതമാനം പേരും സംഘടിത മേഖലയിലാണെന്നാണ് പുതിയ കണ്ടെത്തലുകൾ വെളിപ്പെടുത്തുന്നത്. അസംഘടിതതൊഴിലാളികളിൽ വലിയ വിഭാഗം കുടിയേറ്റ തൊഴിലാളികളുമാണ്.

എല്ലാ അസംഘടിത തൊഴിലാളികൾക്കും അന്തസ്സുള്ള തൊഴിൽ ലഭ്യമാക്കേണ്ടത് രാഷ്ട്രത്തിന്റെ ചുമതലയാണ്. എന്നാൽ ഈ വിഭാഗം എണ്ണത്തിൽ വലുതാണെങ്കിലും സുസംഘടിതരല്ലാത്തതിനാൽ വിലപേശൽശക്തി തീരെ കുറഞ്ഞവരാണ്. ആയതിനാൽ ഭരണാധികാരികളുടെയും, രാഷ്ട്രീയ നേതൃത്വത്തിന്റെയും ട്രേഡ് യൂണിയനുകളുടെയും ശ്രദ്ധപിടിച്ചുപറ്റി സമ്മർദ്ദശക്തി ആകാൻ സാധിക്കാതെ വന്നിരിക്കുകയാണ്. ഇതുമൂലം ഈ വിഭാഗം കൂടുതൽ അവഗണിക്കപ്പെടുകയും ദാരിദ്ര്യത്തിലേക്കും അരക്ഷിതാവസ്ഥയിലേക്കും നിപതിക്കുകയും ചെയ്യുന്നു. അജ്ഞതയും ആവശ്യമായ മാർഗ നിർദ്ദേശ സംവിധാനങ്ങളുടെ അപര്യാപ്തതയും മൂലം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിച്ചിട്ടുള്ള ചുരുക്കം ചില സാമൂഹിക സുരക്ഷാപദ്ധതികളിൽ പോലും അംഗങ്ങളാകാൻ ഇവർ വിമുഖരാണ്. ഇതുമൂലം പ്രശ്നങ്ങൾ കൂടുതൽ രൂക്ഷമാകാൻ ഇടയാകുന്നു. രാജ്യത്തെ ഏറ്റവും പിന്നാക്കം നിൽക്കുന്ന ദരിദ്രജനവിഭാഗമായി അസംഘടിത തൊഴിലാളികൾ പരിണമിച്ചിരിക്കുന്നു. വിലക്കയറ്റം, പ്രകൃതിദുരന്തങ്ങൾ, കലാപങ്ങൾ എന്നിവയുടെ ആദ്യത്തെ ഇരകളായി ഈ വിഭാഗം മാറുന്നു.

'മനുഷ്യാന്തസും, സാമൂഹിക നീതിയുമാണ്' തിരുസ്സഭയുടെ സാമൂഹിക പ്രബോധനങ്ങളുടെ പ്രധാന അന്തസ്സത്ത. "ഇക്കാലത്തെ മനുഷ്യരുടെ, വിശിഷ്യ ദരിദ്രരുടെയും പീഡിതരുടെയും സന്തോഷങ്ങളും പ്രതീക്ഷകളും, വ്യസനങ്ങളും ഉൽക്കണ്ഠകളും ക്രൈസ്തവരുടേതു കൂടിയായതു" (സഭ ആധുനിക ലോകത്തിൽ 1) കൊണ്ടാണ് തിരുസ്സഭ തൊഴിലാളികളുടെ പ്രശ്നങ്ങളിൽ തത്പരയായിരിക്കുന്നത്. ബെത്സെയ്ദ കുളക്കരയിൽ ആരും സഹായിക്കാനില്ലാത്തതുമൂലം (യോഹ 5:7) നീണ്ട മുപ്പത്തെട്ടു വർഷക്കാലം ശയ്യാവലംബിയായ ഒരു

രോഗിയെക്കുറിച്ച് സുവിശേഷത്തിൽ പറയുന്നുണ്ട്. ആ രോഗിയെ യേശു സുഖപ്പെടുത്തി മനുഷ്യാന്തസ്സിലേക്ക് ഉയർത്തുന്നുണ്ട്. ആരെങ്കിലും സഹായിക്കാനെത്തും എന്ന പ്രതീക്ഷയിൽ വർഷങ്ങളായി സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും അകറ്റി നിറുത്തപ്പെട്ടിരിക്കുന്ന അസംഘടിത തൊഴിലാളികളെ സഹായിക്കേണ്ടത് എല്ലാ ക്രൈസ്തവരുടെയും കർത്തവ്യമാണെന്ന കാര്യം വിസ്മരിക്കരുത്.

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷന്റെ ഔദ്യോഗിക സംഘടനയായ കേരള ലേബർ മൂവ്മെന്റ് അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ക്ഷേമത്തിനുമായി പ്രവർത്തിച്ചുവരുന്നു. ഒരു സർക്കാരിതര സംഘടനയായ കെ എൽ എം ന്റെ ആഭിമുഖ്യത്തിൽ എട്ട് തൊഴിലാളി ഫോറങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. സംസ്ഥാന-കേന്ദ്ര സർക്കാരുകളുടെ വിവിധ തൊഴിലാളി ക്ഷേമനിധികളിൽ തൊഴിലാളികളെ അംഗങ്ങളാക്കിക്കൊണ്ട് അവരുടെ സാമൂഹിക സുരക്ഷ ഉറപ്പാക്കാൻ ശ്രമിക്കുന്നു. സ്വയം സഹായ സംഘങ്ങൾ പോലെയുള്ള പ്രവർത്തനങ്ങൾ വഴി തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും ശ്രമിക്കുന്നു. സഭയുടെ നേതൃത്വത്തിലുള്ള വിദ്യാഭ്യാസ-സാമൂഹിക-അഗതീപരിപാലനം തുടങ്ങിയ എല്ലാ ശുശ്രൂഷകളും പോലെ സഭയുടെ തൊഴിലാളി ശുശ്രൂഷയും എല്ലാവർക്കും വേണ്ടിയുള്ളതാണ്. അഖിലേന്ത്യാ തലത്തിലുള്ള വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെ കേരള ഘടകമാണ് കെ എൽ എം.

സഭാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ രൂപപ്പെടുത്താനുള്ള നടപടികൾക്ക് വേണ്ട ഒത്താശ നൽകാനായി കെ സി ബി സി ചുമതലപ്പെടുത്തിയിരിക്കുന്നത് കെ എൽ എം നെയാണ്. ഇക്കാര്യങ്ങൾക്ക് ആവശ്യമായ മാർഗനിർദ്ദേശങ്ങൾ രൂപതകൾക്കും സന്യസ്ത സമൂഹങ്ങൾക്കും കെ എൽ എം ലഭ്യമാക്കുന്നതാണ്.

1974 ലാണ് കേരള ലേബർ മൂവ്മെന്റ് പ്രവർത്തനം തുടങ്ങിയത്. ഈ വർഷം സുവർണ്ണ ജൂബിലി വർഷമാണ്. ലേബർ കോൺക്ലേവ്-സെമിനാറുകൾ, വിവിധ ഇനം മത്സരങ്ങൾ തുടങ്ങിയ വ്യത്യസ്ത പരിപാടികൾ ജൂബിലിയോടനുബന്ധിച്ച് നടത്തുവാൻ ആസൂത്രണം

ചെയ്തിട്ടുണ്ട്. ജൂബിലി ആഘോഷങ്ങളുടെ സമാപന ദിവസം എറണാകുളത്ത് നടക്കുന്ന റാലിയിലും പൊതുസമ്മേളനത്തിലും ഓരോ രൂപതാ ഘടകത്തിൽ നിന്നും പരമാവധി പ്രവർത്തകരെ പങ്കെടുപ്പിക്കേണ്ടതാണ്.

എല്ലാ ഇടവകകളിലും കെ എൽ എം ന്റെയും തൊഴിലാളി ഫോറങ്ങളുടെയും യൂണിറ്റുകൾ ആരംഭിക്കാൻ മുൻകൈ എടുക്കുവാൻ അഭ്യർത്ഥിക്കുന്നു. ഇടവകയിലെ എല്ലാ തൊഴിലാളികളെയും സാമൂഹിക സുരക്ഷാസംരക്ഷണത്തിൻ കീഴിൽ കൊണ്ടുവരുന്നതിനുള്ള പ്രത്യേക പദ്ധതി ജൂബിലി വർഷം പ്രമാണിച്ച് നടപ്പിലാക്കുന്നത് നല്ലതാണ്. മെയ്ദിനത്തോടനുബന്ധിച്ച് തൊഴിലാളികൾക്കായുള്ള ദിവ്യബലി, സാമൂഹിക സുരക്ഷാ കാമ്പെയ്ൻ, സെമിനാറുകൾ തുടങ്ങിയ വിവിധ പരിപാടികളോടെ മെയ്ദിനം എല്ലാ ഇടവകകളിലും സമുചിതമായി ആചരിക്കുവാൻ അഭ്യർത്ഥിക്കുന്നു.

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും തൊഴിലാളി മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ സ്വർഗീയ മാദ്ധ്യസ്ഥ്യവും എല്ലാ തൊഴിലാളി സഹോദരങ്ങളുടെ മേൽ ഉണ്ടാകട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ട്, എല്ലാവർക്കും ഒരിക്കൽ കൂടി മെയ്ദിനാശംസകൾ നേരുന്നു.

**ബിഷപ്പ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ**
(ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ്പ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

---

NB: 2024 ഏപ്രിൽ 28 ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്ക സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിവരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

# രൂപതക്കച്ചേരി

### C. *29/2024* **വി. മൂറോൻ**

പള്ളികളിൽ കൊണ്ടുപോയി പൂജ്യമായി സൂക്ഷിക്കുന്നതിനുള്ള വി. മൂറോൻ ഈ മാസം രൂപതക്കച്ചേരിയിൽ ലഭ്യമായിരിക്കും.

*Bishop*

### C. *30/2024* **Presbyterium**

The Plenary meeting of the Priests of the Eparchy will be held on Tuesday, April 23, 2024 from 10.00 am to 1.00 pm at NESTT. All are expected to participate without fail.

*Bishop*

### C. *31/2024* **സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പിന് സ്വീകരണം**

സീറോ മലബാർ സഭയുടെ തലവനും പിതാവുമായി സ്ഥാനാരോഹിതനായ മേജർ ആർച്ച്ബിഷപ്പ് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന് കോതമംഗലം രൂപതയുടെ ഔദ്യോഗിക സ്വീകരണം 2024 ഏപ്രിൽ 22 തിങ്കളാഴ്ച, വൈകുന്നേരം 3.30-ന് കോതമംഗലം സെന്റ് ജോർജ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ചു നൽകുന്നു. 2024 ഏപ്രിൽ 23 രാവിലെ, മൂവാറ്റുപുഴ NESTT പാസ്റ്ററൽ സെന്ററിൽ വച്ച് അഭിവന്ദ്യ പിതാവ് രൂപതയിലെ ബഹു. വൈദികരുമായി കൂടിക്കാഴ്ച നടത്തും.

*Bishop*

### C. *32/2024* **അഭിവന്ദ്യ പിതാക്കന്മാർക്കും വൈദികർക്കും തിരുനാൾ മംഗളങ്ങൾ**

വി. ഗീവർഗീസിന്റെ നാമധാരികളായ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിനും മാർ ജോർജ് പുന്നക്കോട്ടിൽ പിതാവിനും വൈദികർക്കും തിരുനാൾ മംഗളങ്ങൾ നേരുന്നതിനായി രൂപതയിലെ മുഴുവൻ വൈദികരും സന്യാസസമൂഹങ്ങളുടെ പ്രൊവിൻഷ്യൽസ്/ പ്രതിനിധികൾ, ഭക്തസംഘടനകളുടെ പ്രസിഡന്റുമാർ, പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവരും പങ്കെടുക്കുന്ന മീറ്റിംഗ് 2024 ഏപ്രിൽ 23-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00-ന്

മൂവാറ്റുപുഴ NESTT-ൽ വച്ച് നടക്കുന്നു. അഭിവന്ദ്യ പിതാക്കന്മാർക്കും വൈദികർക്കും നാമഹേതുക തിരുനാളിന്റെ മംഗളങ്ങൾ നേരുന്നതിനായുള്ള മീറ്റിംഗിലേയ്ക്കും തുടർന്നുള്ള സ്നേഹവിരുന്നിലേയ്ക്കും മേല്പറഞ്ഞ എല്ലാവരെയും സ്നേഹപൂർവം ക്ഷണിക്കുന്നു.

*Protosyncellus*

### C. 33/2024 നോമ്പുകാല പിരിവ്

ഈ വർഷത്തെ നോമ്പുകാല പിരിവായ ഓശാന ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ചയും സന്ന്യാസഭവനങ്ങളിലെ നോമ്പുകാല സംഭാവനകളും ബഹു.വികാരിയച്ചന്മാരും സന്ന്യാസസഭാധികാരികളും ഏപ്രിൽ 15-നകം രൂപത സോഷ്യൽ സർവീസ് സൊസൈറ്റിയിൽ ഏൽപ്പിക്കുമല്ലോ.

*Protosyncellus*

### C. 34/2024 പുതുഞായർ, ദൈവകരുണയുടെ തിരുനാൾ

മാർ തോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനത്തെ ആഘോഷിക്കുന്ന പുതുഞായർ തിരുനാൾ ഈസ്റ്റർ കഴിഞ്ഞുവരുന്ന ഞായറാഴ്ചയാണല്ലോ. ആഗോളസഭയിൽ ദൈവകരുണയുടെ തിരുനാൾ ആഘോഷിക്കുന്നതും അന്നേദിവസം തന്നെയാണ്. ഈ രണ്ടും തിരുനാളുകളും സമുചിതമായി ആഘോഷിക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

*Protosyncellus*

### C. 35/2024 സാമൂഹ്യസേവന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് 2023-2024

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നമ്മുടെ രൂപതയിലെ പള്ളികളും സ്ഥാപനങ്ങളും സന്യാസഭവനങ്ങളും നടത്തിയിട്ടുള്ള എല്ലാ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെയും സംക്ഷിപ്ത റിപ്പോർട്ട് ഏപ്രിൽ മാസം 15-ാം തീയതിയ്ക്കകം കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റി ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

*Syncellus*

### C. 36/2024 2023-24 സാമ്പത്തിക വർഷത്തിലെ കണക്കുകൾ

ഈവർഷം വികാരിമാറ്റമുള്ള ഇടവകകൾക്കും, സ്ഥാപനങ്ങൾക്കും 2023-24 സാമ്പത്തിക വർഷത്തിലെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിന് 2024 മെയ് മാസം 3-ാം തീയതി മൂവാറ്റുപുഴ നിർമ്മല കോളേജിൽ വച്ച് സൗകര്യം ഉണ്ടായിരിക്കും. വികാരിമാറ്റമുള്ള ഇടവ

കകളുടെ കണക്കുകൾ 2024 മെയ് മാസം 3-ാം തീയതി തന്നെ ഓഡിറ്റ് ചെയ്യുവാൻ ബഹു. വികാരിയച്ചൻമാർ ശ്രദ്ധിക്കുമല്ലോ. രൂപത നിഷ്കർഷിച്ചിരിക്കുന്ന അക്കൗണ്ടിംഗ് സോഫ്റ്റ്വെയർ ഉപയോഗിച്ചാണ് ഇടവകകളിലെ കണക്കുകൾ തയ്യാറാക്കേണ്ടത്. പള്ളിയുടെ ആത്മസ്ഥിതി ഇൻസ്റ്റാൾ ചെയ്തിട്ടുള്ള അതേ കമ്പ്യൂട്ടറിൽതന്നെ മേല്പറഞ്ഞ അക്കൗണ്ടിംഗ് സോഫ്റ്റ്വെയർ ഇൻസ്റ്റാൾ ചെയ്ത്, പള്ളിവക കണക്കുകൾ ഇതേ കമ്പ്യൂട്ടറിൽതന്നെ തയ്യാറാക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു.

*Finance Officer*

### *C. 37/2024* മെഡിക്കൽ ബില്ലുകൾ

ബഹുമാനപ്പെട്ട വൈദികരുടെ 2024 മാർച്ച് 15 മുതൽ 2024 മാർച്ച് 31 വരെയുള്ള മെഡിക്കൽ ബില്ലുകൾ, 2024 ഏപ്രിൽ 10-നു മുമ്പായി രൂപത സാമ്പത്തിക കാര്യാലയത്തിൽ ഏൽപ്പിക്കേണ്ടതാണ്.

*Finance Officer*

### *Pr. C. 3/2024* Meeting of the Presbyteral Council

An ordinary meeting of the Presbyteral Council will be held on Tuesday, April 16, 2024 from 3.00 pm to 7.00 pm at the Bishop's House. The members are cordially invited.

Topics to be included in the agenda may be sent to the secretary before April 06.

*Secretary*

### *PC. 3/2024* Meeting of the Pastoral Council

The first meeting of the newly constituted Pastoral Council will be held on Saturday, April 20, 2024 from 10.00 am to 4.00 pm at NESTT, Muvattupuzha. The members are cordially invited.

*Secretary*

### *JS. 4/2024* ജൂബിലി സ്മാരക സ്കോളർഷിപ്പ്

മാർ ജോർജ് പുന്നക്കോട്ടിൽ മെത്രാഭിഷേക രജതജൂബിലി സ്മാരക സ്കോളർഷിപ്പിനുവേണ്ടി അപേക്ഷിക്കാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ പേരുവിവരം ബഹു. വികാരിയച്ചന്മാർ താഴെ പറയുന്ന വിലാസത്തിൽ 2024 ഏപ്രിൽ 15-ാം തീയതിയ്ക്കകം അറിയിക്ക

ണമെന്ന് അഭ്യർത്ഥിക്കുന്നു. 2024 മെയ് 11-ാം തീയതി ശനിയാഴ്ച രാവിലെ 10.00 മണി മുതൽ 12.00 മണി വരെ കോതമംഗലം സെന്റ് ജോർജ് HSS -ലും തൊടുപുഴ സെന്റ് സെബാസ്റ്റ്യൻസ് HS -ലും വച്ച് പ്രവേശന പരീക്ഷ നടത്തുന്നു.

The Secretary, Bishop Mar George Punnakottil Episcopal Silver Jubilee Memorial Education Society, Bishop's House, P.B. No. 6, Kothamangalam - 686 691 Tel. 0485 -2862236

*Secretary*

## മൈനർ സെമിനാരി

*MS 5 /2024* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | Fr Paul Nedumpurath | ₹ | 50,000 |
| 2 | Mr Francis Thomas Pichappillil, Kozhikode | ₹ | 3,000 |
| 3 | Mr Jomon Chathamkandathil, Mathirappilly | ₹ | 2,000 |
| 4 | Mr Baby Joseph and Graceamma Varghese Thekkecheruvil, Muthalakodam | ₹ | 45,000 |
| 5 | Mrs Daisy Kurian Cherkottu, Vannappuram | ₹ | 1,000 |
| 6 | Mr Mathew V.T. Vattakuzhiyil, Muthalakodam | ₹ | 6,000 |
| 7 | S.H. Provincial House, Kothamangalam | ₹ | 50,000 |
| 8 | Mr George Mannamthuruthil, Vannappuram | ₹ | 1,000 |

ഇവർക്ക് നന്ദി പറയുന്നു. ഇവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

*Rector*

## വിജ്ഞാനഭവൻ

*V. 30/2024* **ക്യാറ്റക്കെറ്റിക്കൽ കമ്മിറ്റി : ഏപ്രിൽ 19 വെള്ളി**

2023-2024 വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുന്നതിനും 2024-2025 അദ്ധ്യയന വർഷത്തിലെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനും വേണ്ടി, രൂപതാ ക്യാറ്റക്കെറ്റിക്കൽ കമ്മിറ്റിയുടെ മീറ്റിംഗ് ബിഷപ്സ് ഹൗസിൽ വച്ച് 2024 ഏപ്രിൽ 19-ാം തീയതി വെള്ളിയാഴ്ച രാവിലെ 10.00 മുതൽ 12.30 വരെ നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്നു. എല്ലാ അംഗങ്ങളും പങ്കെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**കത്ത് അയച്ചിട്ടുണ്ട്. കിട്ടാത്തവർ ഇതൊരറിയിപ്പായി സ്വീകരിക്കുമല്ലോ.**

*V.31/2024* **വിശ്വാസോത്സവം – ഏപ്രിൽ 1 – 4**

ഈ അദ്ധ്യയനവർഷത്തെ വിശ്വാസോത്സവം ഏപ്രിൽ 1 മുതൽ 4 വരെ നടത്തേണ്ടതാണ്. സമയം: രാവിലെ 9.30 മുതൽ 3.30 വരെ (6 മണിക്കൂർ).

*V. 32/2024* **രണ്ടാം സെമസ്റ്റർ പരീക്ഷ: ഏപ്രിൽ 6 ശനി**

Std - I - IX - 09.00 am - 11.00 am
Std - X, XI, XII - 11.00 am - 1.00 pm

1. ചോദ്യപേപ്പറുകൾ ഏപ്രിൽ 5-ാം തീയതി മേഖലാകേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്നതാണ്.
2. പരീക്ഷാ സമയം കൃത്യമായി പാലിക്കേണ്ടതാണ്.
3. 10, 12 ക്ലാസ്സുകളിലെ മൂല്യനിർണ്ണയം നടത്തിയ മാർക്ക് website-ൽ enter ചെയ്ത് പരീക്ഷാപേപ്പറും മാർക്ക് ലിസ്റ്റും രൂപതാകേന്ദ്രത്തിൽ ഏപ്രിൽ 17-ാം തീയതിക്ക് മുമ്പായി എത്തിക്കുക. (മേഖലാകേന്ദ്രത്തിൽ ഏപ്രിൽ 17-ാം തീയതി മാത്രമേ എത്തിക്കാവൂ.)
4. സർട്ടിഫിക്കറ്റ് വിതരണം മെയ് 30 മുതൽ ജൂൺ 15 വരെ.

NB: ഒന്ന്, രണ്ട് ക്ലാസ്സുകളിൽ ചോദ്യപരീക്ഷ ആയിരിക്കും.

*V. 33/2024* **സ്കോളർഷിപ്പ് പരീക്ഷ**

തീയതി : ഏപ്രിൽ 8 തിങ്കൾ
സമയം : 10.30 am - 12.30 pm

**പരീക്ഷാകേന്ദ്രങ്ങൾ**

| | | |
|---|---|---|
| Kothamangalam | - | SAGHS (Kothamangalam, Oonnukal, Kuruppampady, Velielchal Foranes) |
| Muvattupuzha | - | Nirmala High School (State) (Muvattupuzha, Arakuzha Foranes) |
| Vazhakulam | - | ITE Vazhakulam (Vazhakulam) |
| Thodupuzha | - | St. Sebastian's UPS (Thodupuzha, Mailacombu, Marika Foranes) |
| Muthalakodam | - | SHGHS (Muthalakodam) |
| Karimannoor | - | Holy Family LPS (Karimannoor) |

Paingottoor - St. Joseph's HSS (Paingottoor, Kaliyar Foranes)

*V. 34/2024* **SAY EXAM- X, XII**

**രജിസ്ട്രേഷൻ : 2024 ഏപ്രിൽ 22 മുതൽ 24 വരെ.**

**പരീക്ഷ : ഏപ്രിൽ 28 ഞായർ**

സമയം : 11.00 am - 01.00 pm

- അതാത് ഇടവകകളിൽ തന്നെയാണ് SAY Exam നടത്തേണ്ടത്.
- ചോദ്യപേപ്പറുകൾ ഏപ്രിൽ 27-ാം തീയതി ശനിയാഴ്ച മേഖലാ കേന്ദ്രങ്ങളിൽനിന്നും ലഭിക്കുന്നതാണ്.
- മൂല്യനിർണ്ണയം നടത്തി website-ൽ മാർക്ക് enter ചെയ്ത് പരീക്ഷാ പേപ്പറുകൾ മെയ് 4-ന് മുമ്പ് വിജ്ഞാനഭവനിൽ എത്തിക്കേണ്ടതാണ്.

*V. 35/2024* **12-ാം ക്ലാസ്സിലെ കുട്ടികൾക്ക് യാത്രയയപ്പ്**

വിശ്വാസോത്സവത്തിന്റെ അവസാനദിവസത്തെ വി. കുർബാന 12-ാം ക്ലാസ്സിലെ കുട്ടികൾക്കായി പ്രത്യേകം അർപ്പിക്കുകയും അവർക്ക് യാത്രയയപ്പു നൽകുകയും ചെയ്യുന്നത് ഉചിതമായിരിക്കും. സാധിക്കുമെങ്കിൽ മാതാപിതാക്കളെയും സംബന്ധിപ്പിക്കേണ്ടതാണ്.

*V. 36/2024* **ഏപ്രിൽ 30-ന് മുമ്പ് തരേണ്ട റിപ്പോർട്ടുകൾ**

പി.റ്റി.എ., വിശ്വാസോത്സവം, വാർഷിക റിപ്പോർട്ട്, ഇടവകതല റിസോഴ്സ് ടീം റിപ്പോർട്ട് എന്നിവ ഏപ്രിൽ 30-ന് മുമ്പ് എത്തിക്കേണ്ടതാണ്. പിന്നീട് സ്വീകരിക്കുന്നതല്ല.

*V. 37/2024* **ബലിയെൻ ബലം**

ഈ വർഷം വിശുദ്ധ കുർബാനയിൽ എല്ലാ ദിവസവും പങ്കെടുക്കുന്ന കുട്ടികളെ രൂപതാതലത്തിൽ ആദരിക്കുന്നു. അഭിവന്ദ്യ പിതാവിനോടൊപ്പം ആയിരിക്കാനും പിതാവിൽ നിന്ന് സമ്മാനം സ്വീകരിക്കാനും അവസരം ലഭിക്കുന്നു. 2023 ജൂൺ 4 മുതൽ 2024 ഏപ്രിൽ 7 വരെയുള്ള ദിവസങ്ങളിൽ മുടങ്ങാതെ വി. കുർബാനയിൽ പങ്കെടുത്ത കുട്ടികളെയാണ് ഇതിനു പരിഗണിക്കുക. ഇങ്ങനെയുള്ള കുട്ടികളുടെ പേരുകൾ വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടെ ഏപ്രിൽ 10-ന് മുമ്പ് വിജ്ഞാനഭവൻ ഓഫീസിൽ എത്തിക്കേണ്ടതാണ്.

സമയം: ഏപ്രിൽ 13, ശനി 11.00 am. സ്ഥലം: ബിഷപ്പ്സ് ഹൗസ്

*V. 38/2024* **HM, Staff Secretary, IT Co-ordinator Meeting**

HM, Staff Secretary, IT Co-ordinator Meeting മെയ് 25-ാം തീയതി ശനിയാഴ്ച 10.00 മുതൽ 1.00 വരെ മൂവാറ്റുപുഴ നിർമ്മല പബ്ലിക് സ്കൂളിൽ വച്ച് നടത്തുന്നതാണ്.

*V. 39/2024* **റിസോഴ്സ് ടീം ട്രെയിനിംഗ് പ്രോഗ്രാം**

മെയ് 4-ാം തീയതി രാവിലെ 10 മണി മുതൽ മെയ് 5-ാം തീയതി 4 മണിവരെ ഇടവകതല റിസോഴ്സ് ടീം അംഗങ്ങൾക്ക് രൂപത തലത്തിൽ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് ട്രെയിനിംഗ് നൽകുന്നു. ഇടവകയിലെ മുഴുവൻ റിസോഴ്സ് ടീം അംഗങ്ങളും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

*V. 40/2024* **വചന ഡയറി**

2023 ജൂൺ 4 മുതൽ 2024 മാർച്ച് 31 വരെയുള്ള ഓരോ ദിവസവും ഓരോ വചനം ഹൃദിസ്ഥമാക്കുകയും എഴുതി സൂക്ഷിക്കുകയും ചെയ്യുക.

**ഇടവകതലം ഏപ്രിൽ 3. രൂപതാതല മത്സരത്തിൽ പങ്കെടുക്കുന്നവരുടെ പേരുകൾ ഏപ്രിൽ 6-ന് മുമ്പ് Website-ൽ enter ചെയ്യേണ്ടതാണ്. മത്സരങ്ങൾ ഏപ്രിൽ 9-ന് കോതമംഗലം വിജ്ഞാന ഭവനിൽ രാവിലെ 10 മണിക്ക് ആരംഭിക്കുന്നതാണ്.** (*Ref. V. 28/2024*)

*V.41/2024* **ദിവ്യകാരുണ്യസ്വീകരണ ഒരുക്ക സഹായി**

ദിവ്യകാരുണ്യസ്വീകരണത്തിന് ഒരുക്കത്തിനായുള്ള പുസ്തകം (രൂപതയുടെ പുസ്തകം) വിജ്ഞാനഭവൻ ബുക്ക്സ്റ്റാളിൽനിന്ന് ലഭിക്കുന്നതാണ്. ക്ലാസ്സ് തുടങ്ങുമ്പോൾ ഈ പുസ്തകം പ്രയോജനപ്പെടുത്തണമെന്ന് ഓർമ്മപ്പെടുത്തുന്നു. **അഭിവന്ദ്യ മേജർ ആർച്ച്ബിഷപ്പിന്റെ ഫ്രെയിം ചെയ്ത ഫോട്ടോ**, ചെറിയ വേദോപദേശം, പോക്കറ്റ് ബൈബിൾ, കുർബാന പുസ്തകം, കൊന്ത, വെന്തിങ്ങ മുതലായവയും ലഭ്യമാണ്.

*Director*

# ബൈബിൾ അപ്പോസ്തലേറ്റ്

*BA. 1/2024* **ബൈബിൾ പകർത്തിയെഴുത്ത്**

KCBC ബൈബിൾ കമ്മീഷന്റെയും ബൈബിൾ സൊസൈറ്റിയുടെയും നേതൃത്വത്തിൽ മാർച്ച് 17 മുതൽ ഡിസംബർ 22 വരെ

ബൈബിൾ പകർത്തിയെഴുതുന്നതിനായി സമർപ്പിക്കപ്പെട്ടിരിക്കുന്ന നാളുകളാണ്. രൂപതാതലത്തിലുള്ള ഔദ്യോഗിക ഉദ്ഘാടനം ഏപ്രിൽ 7 ഞായറാഴ്ചയും സമാപനം ഡിസംബർ 22 ഞായറാഴ്ചയുമാണ് സംഘടിപ്പിക്കേണ്ടത്.

**നിബന്ധനകൾ:**

മൂന്നു വിഭാഗങ്ങളിൽ സംഘടിപ്പിക്കുന്നു; വ്യക്തിഗതം, കുടുംബം, സ്ഥാപനം (സംഘടനകൾ/ഇടവക/കോൺവെന്റ്/സെമിനാരികൾ/കൂട്ടായ്മകൾ).

ഓരോ വിഭാഗത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന നാലു കയ്യെഴുത്തുപ്രതികൾ സംസ്ഥാനതല മത്സരങ്ങൾക്കായി അയയ്ക്കുന്നു.

പുതിയ നിയമം വി. മത്തായി സുവിശേഷം മുതൽ വെളിപാടു പുസ്തകം വരെയാണ് എഴുതേണ്ടത് (POC, NRSV).

കോളം തിരിക്കേണ്ട, പാരഗ്രാഫ് തിരിച്ചെഴുതുക. ഓരോ പുസ്തകത്തിന്റെയും ആമുഖം എഴുതണം. അടിക്കുറിപ്പുകൾ എഴുതേണ്ടതില്ല. ഓരോ പുസ്തകവും പുതിയ പേജിൽ തുടങ്ങുക.

അവസാനത്തെ ഒരു പേജ് വ്യക്തിപരമായ പങ്കുവയ്ക്കലും പേരും സ്ഥലവും.

**ക്രമീകരണങ്ങൾ:**

A3 പേപ്പറിൽ ബൈൻഡിംഗ് വരുന്ന വശത്ത് മാർജിൻ 4.5 cm, ബാക്കി മൂന്നു വശത്തും (താഴെ, മുകളിൽ, വലതുവശത്ത്)1cm വീതം മാർജിൻ.

ഒരു സെന്റീമീറ്റർ അകലത്തിൽ 39 ലൈനുകൾ 23.5 cm വീതിയിൽ വരുന്ന തരത്തിൽ ക്രമപ്പെടുത്തണം.

ഓരോ പുസ്തകത്തിന്റെയും പേരെഴുതുവാൻ ഒരു പേജ് വരകളില്ലാതെ കരുതുക.

ഇത്തരത്തിൽ തയ്യാറാക്കിയ 80 GSM പേപ്പറുകൾ ആവശ്യമുള്ളവർക്ക് ഒരു പേപ്പറിന് 1 രൂപ 95 പൈസ നിരക്കിൽ നേരത്തെ ഓർഡർ ചെയ്യാവുന്നതാണ്.

ബൈൻഡിംഗിനും സൗകര്യം ഒരുക്കുന്നതായിരിക്കും.

വിശദവിവരങ്ങൾക്ക്: 8075577985

*Director*

# കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

*Edn. 12/2024* **School Maintenance Fund**

| Date | School Name | Credit | Debit |
|---|---|---|---|
| 02/02/24 | Vazhithala HS | 26344 | |
| 24/02/24 | Vazhithala HSS | 33445 | |
| 26/02/24 | Kalloorkad HS | 90128 | |
| 27/02/24 | Muthalakodam HSS | 123616 | |
| 28/02/24 | Karimannoor HSS | 48162 | |
| 01/03/24 | Kaliyar HSS | 92932 | |
| 01/03/24 | Nedungapra | - | 450000 |
| 02/03/24 | Muthalakodam SH HS | 54640 | |
| 02/03/24 | Pallickamury | - | 9500 |
| 02/03/24 | Malippara | 12356 | |
| 08/03/24 | Pooyamkutty | - | 100000 |
| 12/03/24 | Kalayanthani HS | 88044 | |
| 15/03/24 | Karimannoor | - | 1000000 |
| 16/03/24 | Arakuzha HSS | 5000 | |
| 16/03/24 | Ayavana HS | 51932 | |
| 16/03/24 | Pooyamkutty | 11212 | |
| 16/03/24 | Nedungapra | 23172 | |
| 16/03/24 | Paynkulam HS | 33594 | |
| 16/03/24 | Vettampara | 17180 | |
| 19/03/24 | Karimannoor HS | 59484 | |
| 19/03/24 | Neyyassery | 3628 | |
| 21/03/24 | Marika | 6246 | |

*Edn. 13/2024* **പ്രധാനാധ്യാപകരുടെ പ്രത്യേക ശ്രദ്ധയ്ക്ക്**

ഈ വർഷം വിരമിക്കുന്ന പ്രധാനാദ്ധ്യാപകർ സ്കൂൾ സംബന്ധമായ എല്ലാ പ്രധാനപ്പെട്ട വിവരങ്ങളും രേഖകളും രജിസ്റ്ററുകളും

പുതുതായി ചാർജ് എടുക്കുന്നവരെ ബോധ്യപ്പെടുത്തി പറഞ്ഞേൽപ്പിക്കേണ്ടതും സാമ്പത്തിക ഇടപാടുകളും കണക്കുകളും കൈമാറേണ്ടതുമാണ്.

അവധി കാലഘട്ടങ്ങളിൽ പഠനത്തിലും മറ്റു മേഖലകളിലും പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത് നന്നായിരിക്കും. അതോടൊപ്പം തന്നെ എല്ലാ കുട്ടികൾക്കും പഠനവുമായി ബന്ധപ്പെട്ട ഏതെങ്കിലും തരത്തിലുള്ള പഠനപ്രവർത്തനങ്ങളും നൽകുന്നത് അവധിക്കാലം നന്നായി വിനിയോഗിക്കുന്നതിന് നല്ലതായിരിക്കും.

2023-24 അധ്യയന വർഷത്തെ സ്കൂൾ പ്രവർത്തനങ്ങൾ അവധിക്കാലത്ത് പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

*Secretary*

# നിർമ്മല സിവിൽ സർവീസ് അക്കാദമി

*NiCSA.8 /2024* **സ്കോളർഷിപ്പ് പരീക്ഷ**

ഒരു വർഷം നീണ്ടുനിൽക്കുന്ന 2024-2025 ബാച്ച് ഫുൾ ടൈം സിവിൽ സർവീസ് പരിശീലനം നടത്താൻ ആഗ്രഹിക്കുന്ന കോതമംഗലം, ഇടുക്കി രൂപതകളിലെ ഡിഗ്രി /പി. ജി പൂർത്തിയാക്കിയ കത്തോലിക്ക വിദ്യാർത്ഥികൾക്കു സ്കോളർഷിപ്പ് നൽകുന്നു. അതിനായി ഇടുക്കി രൂപതയിലെ വിദ്യാർത്ഥികൾക്ക് വേണ്ടി 2024 ഏപ്രിൽ 28 ഞായറാഴ്ച കോതമംഗലം സെന്റ് ജോർജ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് ഉച്ചക്ക് 1.30 മുതൽ 3.30 വരെയും, കോതമംഗലം രൂപതയിലെ വിദ്യാർത്ഥികൾക്ക് വേണ്ടി മെയ് 5 ഞായറാഴ്ച മൂവാറ്റുപുഴ നിർമ്മല സിവിൽ സർവീസ് അക്കാദമിയിൽ വച്ച് ഉച്ചക്ക് 1.30 മുതൽ 3.30 വരെയും സ്കോളർഷിപ്പ് പരീക്ഷ നടത്തുന്നതാണ്.

*NiCSA.9 /2024* **സിവിൽ സർവീസ് പരിശീലനം**

കോതമംഗലം രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന നിർമല സിവിൽ സർവീസ് അക്കാദമിയിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന ഫുൾടൈം സിവിൽ സർവീസ് പരിശീലനത്തിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

*NiCSA.10 /2024* **PSC കോച്ചിംഗ് ക്ലാസ്സ്**

നിർമ്മല സിവിൽ സർവീസ് അക്കാദമിയുടെ ആഭിമുഖ്യത്തിൽ, പഞ്ചായത്ത് സെക്രട്ടറി, എൽ.ഡി. ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ് എന്നിങ്ങനെ ഒരുപാട് ഒഴിവുകൾ വരുന്ന മത്സരപരീക്ഷകൾക്ക് ഒരുക്കമായുള്ള PSC പരിശീലനം ആരംഭിച്ചു. കോളേജ് വിദ്യാർഥികൾക്കും ജോലി ചെയ്യുന്നവർക്കും ഉപകാരപ്രദമാകുന്നതിന് വേണ്ടി എല്ലാ ശനിയാഴ്ചകളിലും രാവിലെ 9.30 മുതൽ വൈകിട്ട് 5.30 വരെയാണ് ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നത്. മാറിവരുന്ന PSC പരീക്ഷ ചോദ്യപേപ്പറിന്റെ മാതൃകയിൽ തന്നെ എല്ലാ ആഴ്ചയും പരീക്ഷയും ചോദ്യപേപ്പർ ഡിസ്കഷനും നടത്തിവരുന്നു. അഡ്മിഷനായി ഓഫീസിൽ ബന്ധപ്പെടുക.

*NiCSA.11 /2024* **ഡിഗ്രി/പി.ജി വിദ്യാർത്ഥികൾക്കായുള്ള വാരാന്ത്യ ഫൗണ്ടേഷൻ കോഴ്സ്**

ഡിഗ്രി/പി.ജി പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള 2 വർഷം നീണ്ടു നിൽക്കുന്ന വാരാന്ത്യ സിവിൽ സർവീസ് ഫൗണ്ടേഷൻ കോഴ്സിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുകയാണ്. ശനി, ഞായർ ദിവസങ്ങളിൽ ഉച്ചക്ക് 12.45 മുതൽ വൈകിട്ട് 5 മണി വരെയായിരിക്കും ക്ലാസ്സ്. Contact No. 9496065457, 7907119072

*Administrator*

# സോഷ്യൽ സർവീസ്

*SS. 20/2024* **സബ്സിഡിയോടുകൂടി പുരപ്പുറ സോളാർ പദ്ധതി**

രൂപത എപ്പാർക്കിയൽ അസംബ്ലിയുടെ ഒരു നിർദേശമാണല്ലോ 'സീറോ കാർബൺ പാരിഷ്.' ഇതിന്റെ സാക്ഷാത്ക്കാരത്തിനായി ഭവനങ്ങളിൽ കേന്ദ്രസർക്കാരിന്റെ സബ്സിഡിയോടുകൂടി സോളാർ എനർജി സിസ്റ്റം സ്ഥാപിക്കുന്ന പദ്ധതിക്ക് KSSS തുടക്കം കുറിക്കുകയാണ്. ഒരു വീടിന് സ്ഥാപിക്കുന്ന യൂണിറ്റിന് 78000 രൂപവരെ സബ്സിഡി ലഭിക്കും. ആദ്യഘട്ടം രൂപതയിൽ 300 കുടുംബങ്ങളെയാണ് തിരഞ്ഞെടുക്കുക. സബ്സിഡി എത്രകാലം ഉണ്ടായിരിക്കും എന്ന് ഉറപ്പില്ല. ആദ്യം പേരു തരുന്നവർക്കായിരിക്കും മുൻഗണന. ഈ വിവരം പള്ളിയിൽ അറിയിച്ച് അച്ചന്റെ ഇടവകയിൽനിന്നും ഈ പദ്ധതി വഴി സോളാർ സിസ്റ്റം സ്ഥാപിക്കാൻ താല്പര്യമുള്ളവരുടെ ലിസ്റ്റ് ഇവ

യോടൊപ്പമുള്ള ഫോമിൽ ഏപ്രിൽ 15-നകം KSSS ഓഫീസിൽ എത്തിച്ചാൽ പദ്ധതി സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അവരെ മീറ്റിംഗ് വിളിച്ചുചേർത്ത് അറിയിക്കുന്നതും തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്. ഈ പദ്ധതി വിജയകരമായി നടപ്പിലാക്കാൻ അച്ചന്റെ സഹകരണം അഭ്യർത്ഥിക്കുന്നു. സോളാർ പദ്ധതിയെക്കുറിച്ച് കൂടുതൽ അറിയാൻ 9946002850 (അനൂപ്), 9946065145 (ജിതിൻ) എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

*SS. 21/2024* **നോമ്പുകാല സംഭാവന**

ഈ വർഷത്തെ നോമ്പുകാല സംഭാവന ഏപ്രിൽ 15-ന് മുമ്പായി KSSS-ൽ എത്തിച്ച് സഹകരിക്കുമല്ലോ.

*SS. 22/2024* **ബിഗ് ഫാമിലി മീറ്റ്**

നമ്മുടെ രൂപതയിലെ 1999 ജനുവരി 1-ന് ശേഷം വിവാഹിതരാവുകയും നാലോ അതിൽ കൂടുതൽ കുട്ടികളുള്ളതുമായ കുടുംബങ്ങളുടെ സർവേ എടുക്കാൻ ഇടവകയിലേക്ക് ഫോമുകൾ CEP വഴി നൽകിയിട്ടുണ്ട്. ഇവരുടെ ഒരു സംഗമം 2024 ഏപ്രിൽ 11-ാം തീയതി വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 2.00 -ന് വാഴക്കുളം വിശ്വജ്യോതിയിൽ വച്ച് കൂടുന്നതാണ്. ബിഗ് ഫാമിലി സംഗമത്തിലേക്ക് ഇടവകയിൽ നിന്നുള്ളവരെ പറഞ്ഞയയ്ക്കുമല്ലോ.

*SS. 23/2024* **വിവിധ സർവേകൾ**

എപ്പാർക്കിയൽ അസംബ്ലിയുടെ നിർദേശാനുസരണം ഇടവകയിൽ വിവിധ സർവേകൾ നടത്താൻ CEP അംഗങ്ങൾ വഴി ഫോമുകൾ കൊടുത്തയച്ചിട്ടുണ്ട്. ചുരുക്കം ഇടവകകൾക്ക് പോസ്റ്റ് വഴിയും അയച്ചിട്ടുണ്ട്. ഫോമുകൾ ലഭിക്കാത്തവർ KSSS ഓഫീസുമായി ബന്ധപ്പെടുമല്ലോ. സർവേ പ്രധാനമായും കാൻസർ, ഡയാലിസിസ്, ഹൗസിംഗ്, ലാന്റ് ബാങ്ക് എന്നിവയുമായി ബന്ധപ്പെട്ടതാണ്. ഇവ പൂരിപ്പിച്ച് ഏപ്രിൽ 15-നു മുമ്പായി KSSS-ൽ എത്തിക്കുമല്ലോ.

*SS. 24/2024* **CEP റീജിയണൽ മീറ്റിംഗുകൾ സമാപിച്ചു**

കമ്മ്യൂണിറ്റി എംപർമെന്റ് പ്രോഗ്രാമിന്റെ റീജിയണൽ മീറ്റിംഗുകൾ സമാപിച്ചു. തൊടുപുഴ, മൂവാറ്റുപുഴ, കോതമംഗലം എന്നിവിടങ്ങളിൽ വച്ചാണ് മീറ്റിംഗുകൾ നടത്തിയത്. KSSS ഡയറക്ടർ ഫാ. ജോർജ് പൊട്ടയ്ക്കൽ മീറ്റിംഗിന് നേതൃത്വം നൽകി. യോഗത്തിൽ റീജിയണൽ ഭാരവാഹികളെയും തിരഞ്ഞെടുത്തു.

*SS. 25/2024* **കർഷക മാർക്കറ്റ്**

സാധാരണക്കാരായ കർഷകരെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ ഇടവകകൾതോറും കർഷക മാർക്കറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഇടവകതലത്തിൽ സ്വീകരിക്കുക. ഇത്തരം മാർക്കറ്റുകൾ വിജയകരമായി നടപ്പിലാക്കിയ ഇടവകകളുടെ മാതൃകകൾ സ്വീകരിക്കാം. ഇതിനായി CEP, ക്രെഡിറ്റ് യൂണിയൻ, മറ്റ് സംഘടനകൾ എന്നിവയുടെ സഹായം തേടാവുന്നതാണ്.

*SS. 26/2024* **ഭവന പുനരുദ്ധാരണ പദ്ധതി**

ഭവന പുനരുദ്ധാരണത്തിനായി അപേക്ഷ ക്ഷണിക്കുകയും 87 കുടുംബങ്ങൾക്ക് 50000 രൂപ വീതം 4350000 രൂപ നൽകുകയുമുണ്ടായി.

*SS. 27/2024* **മെന്റലി ചലഞ്ചഡ് സഹായം പദ്ധതി**

മെന്റലി ചലഞ്ചഡ് ആയിട്ടുള്ളവർക്ക് സഹായം നൽകുന്ന പദ്ധതി വഴി 173 പേർക്ക് 20000/- രൂപ വീതം 3460000/-രൂപ നൽകുകയുണ്ടായി.

*SS. 28/2024* **വന്യമൃഗശല്യം അനുഭവിക്കുന്നവർക്ക് കിറ്റുകൾ വിതരണം ചെയ്തു**

വന്യജീവി ആക്രമണത്തിൽ ഇരയായവർക്കും കൃഷിനാശം സംഭവിച്ചവർക്കും 2300/- രൂപ വിലയുള്ള വിവിധ അവശ്യസാധനങ്ങളും ഭക്ഷ്യഉത്പന്നങ്ങളും അടങ്ങിയ കിറ്റുകൾ 900 പേർക്ക് വിതരണം ചെയ്തു.

*SS. 29/2024* **സമിരിറ്റൻ മീറ്റ്**

സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സമിരിറ്റൻ മീറ്റുകൾ നടന്നു. കുണിഞ്ഞി, പന്നിമറ്റം എന്നീ ഇടവകകളിൽ നടത്തിയ സമിരിറ്റൻ മീറ്റിന് KSSS ഡയറക്ടർ ഫാ. ജോർജ് പൊട്ടയ്ക്കൽ നേതൃത്വം നൽകി.

സമിരിറ്റൻ മീറ്റ് നടത്താത്ത ഇടവകകൾ അത് നടത്താൻ ശ്രദ്ധിക്കുമല്ലോ. സോഷ്യൽ സർവീസിന്റെ പ്രവർത്തനങ്ങളെ മനസ്സിലാക്കാനും അവ താഴെതലത്തിലേക്ക് ഇറങ്ങിച്ചെല്ലാനും സമിരിറ്റൻ മീറ്റ് ഉപകരിക്കും. ഈ യോഗത്തിൽ വികാരിയച്ചനോടൊപ്പം കൈക്കാരൻമാർ, പാരിഷ് കൗൺസിൽ അംഗങ്ങൾ, CEP അംഗങ്ങൾ, ഭക്തസംഘടനാഭാരവാഹികൾ തുടങ്ങിയവരാണ് പങ്കെടുക്കേണ്ടത്. സമിരിറ്റൻ മീറ്റ് നടത്താൻ താല്പര്യമുള്ള ഇടവകകൾ ഉചിതമായ തീയതിയും സമയവും KSSS ഓഫീസിൽ അറിയിക്കുമല്ലോ.

*Director*

# ചെറുപുഷ്പ മിഷൻലീഗ്

## *CML 8/2024* രൂപതാ ക്രിസ്റ്റീൻ ധ്യാനം

നമ്മുടെ രൂപതയിലെ 7-12 വരെയുള്ള ക്ലാസ്സിലെ കുട്ടികൾക്കായി ഏപ്രിൽ മാസത്തിൽ രൂപതാതല ക്രിസ്റ്റീൻ ധ്യാനം സംഘടിപ്പിക്കുന്നു. മൂവാറ്റുപുഴ നെസ്റ്റിൽ വച്ചാണ് ധ്യാനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. ഏപ്രിൽ 12 മുതൽ 14 വരെ 7 മുതൽ 9 വരെ ക്ലാസ്സിലെ കുട്ടികൾക്കും ഏപ്രിൽ 22 മുതൽ 24 വരെ 10 മുതൽ 12 വരെ ക്ലാസ്സിലെ കുട്ടികൾക്കുമാണ് ധ്യാനം നടക്കുന്നത്. ആദ്യദിനം രാവിലെ 9 മണിക്ക് ആരംഭിച്ച് അവസാനദിനം വൈകിട്ട് 4 മണിക്ക് അവസാനിക്കുന്ന രീതിയിലാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്. നമ്മുടെ ഇടവകയിൽനിന്നും പരമാവധി കുട്ടികൾ ധ്യാനത്തിൽ പങ്കെടുക്കുവാൻ പ്രോത്സാഹിപ്പിക്കുമല്ലോ. രജിസ്ട്രേഷൻ ഫീ ഒരു കുട്ടിക്ക് 1000 രൂപ ഉണ്ടായിരിക്കുന്നതാണ്. ഇടവകയിൽ നിന്നും ധ്യാനത്തിൽ പങ്കെടുക്കുന്ന കുട്ടികളുടെ ലിസ്റ്റ് ഏപ്രിൽ 8 നകം രൂപതയുടെ വാട്സ്ആപ്പ് നമ്പറിൽ (88481 94020) അയച്ചുനൽകുവാൻ ശ്രദ്ധിക്കുമല്ലോ.

## *CML 9/2024* രൂപതാ ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ്

ഈ വർഷത്തെ അവസാനത്തെ രൂപതാതല ശാഖ, മേഖല ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ് മെയ് 3-നു മൂവാറ്റുപുഴ നിർമല പബ്ലിക് സ്കൂളിൽ വച്ച് ചേരുന്നു. എല്ലാ ശാഖ, മേഖല ജോയിന്റ് ഡയറക്ടർമാരും ഈ മീറ്റിംഗിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## *CML 10/2024* രൂപതാതല കയ്യെഴുത്തു മാസിക മത്സരം

ഈ വർഷത്തെ രൂപതാതല കയ്യെഴുത്തുമാസിക മത്സരം മെയ് 3-നു മൂവാറ്റുപുഴ നിർമല പബ്ലിക് സ്കൂളിൽ വച്ച് നടക്കുന്നു. വിശദമായ മത്സര നിബന്ധനകൾ രൂപതാ മാർഗരേഖയിലെ പേജ് 19, 20-ൽ നൽകിയിട്ടുണ്ട്. മത്സരിക്കുന്ന ശാഖകൾ 8848194020 എന്ന രൂപതയുടെ വാട്സ്ആപ്പ് നമ്പറിൽ പേര് നൽകുവാൻ ശ്രദ്ധിക്കുമല്ലോ.

## *CML 11/2024* ചെറുസൂനം ക്വിസ്

ഈ വർഷത്തെ രൂപതാതല ചെറുസൂനം ക്വിസ് മെയ് 3-നു മൂവാറ്റുപുഴ നിർമല പബ്ലിക് സ്കൂളിൽ വച്ച് നടക്കുന്നു. ഇതിന് മുന്നോടിയായി ശാഖയിൽ 5 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി ചെറുസൂനം ക്വിസ് ഏപ്രിൽ 2-ന് നടത്തുമല്ലോ. ക്വിസ്സിനുള്ള ചോദ്യ

ങ്ങൾ രൂപതയിൽ നിന്ന് നൽകുന്നതാണ്. ഇതിൽ മികച്ച മാർക്ക് കൈവരിക്കുന്ന ഒരു കുട്ടിക്കാണ് രൂപതാതല മത്സരത്തിൽ പങ്കെടുക്കാൻ സാധിക്കുക.

**മത്സരവിഷയം:**

1. 2023 ജൂലൈ മുതൽ 2024 മാർച്ച് വരെയുള്ള ചെറുസൂനം 80%
2. ആനുകാലിക സഭാ പൊതുവിജ്ഞാനം 20%

*CML 12/2024* **ഡിജിറ്റൽ മാഗസിൻ മത്സരം**

മരിയൻ പ്രത്യക്ഷീകരണങ്ങളെ അടിസ്ഥാനമാക്കി നടത്തിയ രൂപതാതല ഡിജിറ്റൽ മാഗസിൻ നിർമ്മാണ മത്സര റിസൽറ്റ്.

I ഇഞ്ചൂർ ശാഖ (2 മാഗസിനുകൾ, ഇംഗ്ലീഷ് & മലയാളം)
II കോതമംഗലം ശാഖ
III മുതലക്കോടം ശാഖ

*CML 13/2024* **കുഞ്ഞേട്ടൻ അനുസ്മരണ ഉപന്യാസ മത്സരം**

ചെറുപുഷ്പ മിഷൻലീഗ് കോതമംഗലം രൂപത എല്ലാ വർഷവും രണ്ട് വിഭാഗങ്ങളിലായി നടത്തുന്ന കുഞ്ഞേട്ടൻ അനുസ്മരണ ഉപന്യാസ മത്സര റിസൽറ്റ്.

**അല്മായ വിഭാഗം**

I Sony Nelliyani, Kothamangalam
II Renju Jose Chathamkandathil, Kothamangalam
III Christo Shibu Attupurathu, Kothamangalam

**സമർപ്പിത വിഭാഗം**

I Sr Tissy CMC, Arikuzha
II Sr Seena FCC, Paingottoor
III Sr Sheril Mary CSN, Kolady

*CML 14/2024* **സംസ്ഥാന മാനേജിംഗ് കമ്മിറ്റി, ഇലക്ഷൻ**

2024 മാർച്ച് 9 ന് പാലാരിവട്ടം പി.ഒ.സി യിൽ വച്ച് നടത്തപ്പെട്ട സംസ്ഥാന മാനേജിംഗ് കമ്മിറ്റിയിലും, ഇലക്ഷനിലും രൂപതാ ഭാരവാഹികൾ പങ്കെടുത്തു. പ്രസ്തുത മീറ്റിംഗിൽ കോതമംഗലം രൂപതയുടെ ശാഖാ, മേഖലാ, രൂപതാ പ്രവർത്തനങ്ങളെ ദേശീയ സംസ്ഥാന സമിതികൾ അഭിനന്ദിക്കുകയുണ്ടായി.

തുടർന്ന് നടന്ന ഇലക്ഷനിൽ സംസ്ഥാന ജോയിന്റ് സെക്രട്ടറിയായി രൂപതാ വൈസ് പ്രസിഡന്റ് ബിൻസി ബെന്നിയെ തിരഞ്ഞെടുത്തു. ബിൻസിക്ക് രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

നമ്മുടെ രൂപത കുളപ്പുറം എസ്. ഡി കോൺവെന്റ് അംഗം സി. ലിസ്നി എസ്.ഡി മിഷൻലീഗ് സംസ്ഥാന വൈസ് ഡയറക്ടർ സ്ഥാനത്ത് നിന്നും ദേശീയ വൈസ് ഡയറക്ടർ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെടുകയുണ്ടായി. സിസ്റ്ററിന് രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

*Director*

# ഫാമിലി അപ്പോസ്തലേറ്റ്

*FA 11/2024* **ഇടവക സമിതി ഭാരവാഹികൾ**

ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ഇടവകസമിതി ഭാരവാഹികളുടെ പേരും മേൽവിലാസവും ഫോട്ടോയും ശേഖരിക്കുന്നതിനായി ഇടവകകളിൽ എത്തിച്ചിട്ടുള്ള ഫോം പൂരിപ്പിച്ച് ഏപ്രിൽ 25-ന് മുൻപായി നെസ്റ്റിലെ ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ഓഫീസിൽ എത്തിക്കുവാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

*FA 12/2024* **രൂപത എക്സിക്യൂട്ടീവ്**

ഫെബ്രുവരി 28-ന് സംഘടിപ്പിച്ച മനുഷ്യാവകാശ സംരക്ഷണ റാലിയുടെ വിജയകരമായ നടത്തിപ്പിനെക്കുറിച്ച് ആലോചിക്കുവാൻ ഫെബ്രുവരി 26-ന് മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് ഫാമിലി അപ്പോസ്റ്റലേറ്റിന്റെ രൂപത എക്സിക്യൂട്ടീവ് യോഗം ചേർന്നു.

*FA 13/2024* **പ്രീമാര്യേജ് കോഴ്സ്, നെസ്റ്റ്**

| | | |
|---|---|---|
| ഏപ്രിൽ | 4-6, | 18-20 |
| മെയ് | 2-4, | 16-18 |

*Director*

# പിതൃവേദി

*PV 9/2024* **പുതിയ യൂണിറ്റ്**

തഴുവംകുന്ന് ഇടവകയിൽ ബഹുമാനപ്പെട്ട വികാരി ഫാ. ജോസ് അറയ്ക്കലിന്റെ അദ്ധ്യക്ഷതയിൽ 3-3-2024 ഞായറാഴ്ച ഏഴ് മണിയുടെ വിശുദ്ധ കുർബാനയ്ക്കുശേഷം പിതാക്കന്മാരുടെ ഒരു യോഗം നടത്തി. യോഗത്തിൽ പിതൃവേദിയുടെ ആവശ്യകതയെപ്പറ്റിയും പ്രവർത്തനത്തെപ്പറ്റിയും രൂപതാ പ്രസിഡന്റ് പ്രൊഫസർ ജോസ് എബ്രാഹമും സെക്രട്ടറി ശ്രീ. ജിജി പോളും ക്ലാസ്സുകൾ എടുത്തു. തുടർ

ന്ന് പിതൃവേദി ഭാരവാഹികളുടെ തെരഞ്ഞെടുപ്പും പിതൃവേദിയുടെ ഉദ്ഘാടനവും നടത്തപ്പെട്ടു.

*Director*

# മാതൃവേദി

*MV 7/2024* **ബൈബിൾ പകർത്തി എഴുത്ത് മത്സരഫലം**

**കാറ്റഗറി A (മാതാക്കൾ)**

I ജിജിലി ജേക്കബ് മേമഠത്തിൽ, നെയ്യശ്ശേരി
ആനീസ് ജോസ് തെക്കേക്കുന്നേൽ, മാറാടി
II രഹന സോബിൻ അറക്കൽ, എനാനല്ലൂർ
III ജാസ്മിൻ ജോസ്, ഉപ്പിടുപാറയിൽ, തൊടുപുഴ

**കാറ്റഗറി B (പിതാക്കന്മാർ)**

I ജിബോയിച്ചൻ വടക്കൻ, ചെപ്പുകുളം
II ജേക്കബ് E.U. ഇളയച്ചാനിക്കൽ, നെയ്യശ്ശേരി
III ജോളി V.A. വാളോത്തിൽ, ചെപ്പുകുളം

**കാറ്റഗറി C. (കുട്ടികൾ, യൂത്ത്)**

I ടീനു ഫ്രാൻസിസ് വാഴവിളയിൽ, മുളപ്പുറം
II അനീറ്റ മാത്യു മാതാളികുന്നേൽ, ചെപ്പുകുളം
III ആൻസ് മരിയ ജോസഫ് ആക്കപ്പടിക്കൽ, കദളിക്കാട്

**കാറ്റഗറി D (കുടുംബം)**

I ജേക്കബ് E.U. ഇളയച്ചാനിക്കൽ, നെയ്യശ്ശേരി
II ഷൈനി മാത്യു മാതാളികുന്നേൽ, ചെപ്പുകുളം.
III സോമി ജോസഫ് പുളിയംപ്പിള്ളിൽ, കൊടുവേലി

*MV 8/2024* **രൂപത എക്സിക്യൂട്ടീവ് കമ്മിറ്റി**

മാർച്ച് 1-ാം തീയതി 10.30 am നു നെസ്റ്റിൽ വച്ചു രൂപതാ എക്സിക്യൂട്ടീവ് കമ്മിറ്റി കൂടി. ബൈബിൾ പകർത്തിയെഴുത്ത് മത്സരത്തിന്റെ അവസാനഘട്ട വിലയിരുത്തലുകൾ നടത്തി റിസൽറ്റ് അനൗൺസ് ചെയ്തു. മാർച്ച് 8-ാം തീയതി നടത്തുന്ന വനിതാദിനാഘോഷത്തിനു വേണ്ട തയ്യാറെടുപ്പുകളെക്കുറിച്ച് ചർച്ചകൾ നടത്തി.

*MV 9/2024* **വനിതാദിനം 2024**

"വുമൺസ് ഡേ 2024" മൂവാറ്റുപുഴ നിർമല ഹയർ സെക്കന്ററി സ്കൂളിൽ വച്ചു ഏറ്റവും സമുചിതമായി ആഘോഷിച്ചു. അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് ഈ വർഷത്തെ വനിതാദി

നാഘോഷം ഉദ്ഘാടനം ചെയ്ത്, അനുഗ്രഹപ്രഭാഷണം നടത്തി. മാതൃവേദി രൂപതാ പ്രസിഡന്റ് മിനി ജോസ് പാറപ്പുറം യോഗത്തിൽ അധ്യക്ഷ പ്രസംഗം നടത്തുകയും, രൂപതാ ഡയറക്ടർ റവ. ഫാ. ജോസ് കിഴക്കേയിൽ മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു. തൊടുപുഴ ന്യൂമാൻ കോളേജ് പ്രിൻസിപ്പൽ Dr. ബിജിമോൾ തോമസ് വനിതാദിന സന്ദേശം നൽകി. മികച്ച വനിതാ തൊഴിൽ സംരംഭകയായി തിരഞ്ഞെടുക്കപ്പെട്ട ശ്രീമതി സ്വപ്ന ജോയൽ തൊടുപുഴയെ ചടങ്ങിൽ ആദരിച്ചു. മൂവാറ്റുപുഴ ഹോളി മാഗി ചർച്ച് വികാരി റവ. ഫാ. കുര്യാക്കോസ് കൊടകല്ലിൽ, നിർമല ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ റവ. ഫാ. ആന്റണി പുത്തൻകുളം, മാതൃവേദി രൂപതാ ആനിമേറ്റർ റവ. സി. ആനി തെരെസ് CHF എന്നിവർ ആശംസകൾ നേർന്നുകൊണ്ട് സംസാരിച്ചു. രൂപതാ മാതൃവേദി ഈ പ്രവർത്തന വർഷത്തിൽ നടത്തിയ മത്സരങ്ങളിലെ വിജയികൾ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിൽ നിന്ന് പുരസ്കാരങ്ങൾ ഏറ്റുവാങ്ങി. അമ്മമാർ അവതരിപ്പിച്ച വിവിധ കലാപരിപാടികൾ യോഗത്തെ മോടിപിടിപ്പിച്ചു. മുന്നൂറ്റൻപതോളം അമ്മമാർ പങ്കെടുത്ത യോഗത്തിനു മാതൃവേദി രൂപതാ ഭാരവാഹികൾ നേതൃത്വം നൽകി.

*MV 10/2024* **ഉണർവ് 2024**

ഉണർവ് 2023 ബാച്ചിന്റെ സർട്ടിഫിക്കറ്റ് വിതരണവും "ഉണർവ് 2024" ബാച്ചിന്റെ ഉദ്ഘാടനവും മാർച്ച് 13-നു നെസ്റ്റിൽ വച്ച് മാർ ജോർജ് പുന്നക്കോട്ടിൽ പിതാവ് നിർവഹിക്കുകയുണ്ടായി. മാതൃവേദി രൂപതാ ഡയറക്ടർ റവ. ഫാ. ജോസ് കിഴക്കേയിൽ, രൂപതാ ആനിമേറ്റർ റവ. സി. ആനി തെരെസ് CHF എന്നിവർ ആശംസകൾ നേർന്ന യോഗത്തിൽ രൂപതാ പ്രസിഡന്റ് മിനി ജോസ് അധ്യക്ഷം വഹിച്ചു. പാസ്സിങ് ഔട്ട് സ്റ്റുഡന്റ്സ് അവതരിപ്പിച്ച കലാപരിപാടികൾ കണ്ണിനും കാതിനും കുളിർമ്മയായി.

*Director*

# യൂദിത്ത് മിനിസ്ട്രി

*JM 5/2024* **യൂദിത്ത് നവോമി ഫോറം എക്സിക്യൂട്ടീവ് കമ്മിറ്റി റിപ്പോർട്ട്**

07-03-2024ൽ സെസ്റ്റിൽ വച്ച് രൂപതാ പ്രസിഡന്റ് മിനി ജോൺസന്റെ അദ്ധ്യക്ഷതയിൽ പതിവുപോലെ യോഗം ആരംഭിച്ചു. യോഗ

ത്തിൽ ഫൊറോനാ സന്ദർശനം, നോമ്പുകാലത്തെ ഏകദിന കൺവെൻഷൻ, 13-ാം തീയതിയിലെ ഉണർവിന്റെ ക്ലാസ്സ്, 16-ാം തീയതിയിലെ കെ.സി.ബി.സി. ജനറൽ ബോഡി മീറ്റിംഗ്, വനിതാദിനം, യൂദിത്ത് നവോമി ഫോറത്തിന്റെ വാർഷികം എന്നീ വിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. കമ്മിറ്റിയിൽ രൂപതാ ഡയറക്ടർ റവ. ഫാ. ജോസ് കിഴക്കേയിൽ, ആനിമേറ്റർ റവ. സി. ആനി തെരേസ് CHF, മറ്റു കമ്മിറ്റി അംഗങ്ങൾ എന്നിവർ പങ്കെടുത്തു. ചർച്ചയിൽ 23-ാം തീയതി വാഴക്കുളം ഫൊറോനയിൽ ഏകദിന കൺവെൻഷൻ നടത്താൻ തീരുമാനിച്ചു. കൂടാതെ 16-ാം തീയതി കെ.സി.ബി.സി. ജനറൽ ബോഡി മീറ്റിംഗിന് ഭാരവാഹികളും അച്ചനും പോകാൻ തീരുമാനിച്ചു. ചർച്ചകൾക്കുശേഷം വൈസ് പ്രസിഡന്റ് ലിസ്സി സെബാസ്റ്റ്യൻ നന്ദി പറഞ്ഞ് യോഗം അവസാനിച്ചു.

*Director*

# മദ്യവിരുദ്ധ സമിതി

*MVS 1/2024* **വീര്യം കുറഞ്ഞ മദ്യം; സർക്കാർ നീക്കം ഉപേക്ഷിക്കണം**

സംസ്ഥാനത്ത് മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും കുത്തൊഴുക്കിൽ നട്ടം തിരിയുന്ന ജനങ്ങൾക്ക് വീര്യം കുറഞ്ഞ മദ്യം കൂടി വിതരണം ചെയ്യുന്നത് സാഹചര്യം കൂടുതൽ അപകടകരമാക്കുമെന്ന് കെ.സി.ബി.സി മദ്യവിരുദ്ധസമിതിയുടെയും പിതൃവേദിയുടെയും സംയുക്ത സമ്മേളനം മുന്നറിയിപ്പ് നൽകി. ഘട്ടം ഘട്ടമായി മദ്യവർജ്ജനം നടപ്പിലാക്കുമെന്ന് പറഞ്ഞ് അധികാരത്തിൽ വന്നവർ മദ്യപ്രളയം സൃഷ്ടിക്കുകയാണ്.

ഊന്നുകൽ ലിറ്റിൽ ഫ്ളവർ ഫൊറോന പള്ളി അങ്കണത്തിൽ 03.03.2024ന് പിതൃവേദി രൂപതാ ഡയറക്ടർ ഫാ. ജോസ് കിഴക്കേയിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. വികാരി റവ. ഫാ. മാത്യു അത്തിക്കൽ അദ്ധ്യക്ഷനായി. റവ. ഫാ. തോമസ് മക്കോളിൽ, മദ്യവിരുദ്ധ സമിതി രൂപതാ പ്രസിഡന്റ് ജെയിംസ് കോറമ്പേൽ മുഖ്യപ്രഭാഷണം നടത്തി. രൂപതാ ജനറൽ സെക്രട്ടറി ജോണി കണ്ണാടൻ, മോൻസി മങ്ങാട്ട്,ജോർജ് കൊടിയാറ്റ്, ജോയി വെളിയത്ത്, ടോമി ഇല്ലത്തുകുടി, അലോഷ്യസ് അറയ്ക്കൽ, ജോയി തറപ്പിൽ എന്നിവർ പ്രസംഗിച്ചു.

*MVS 2/2024* **'മന്ന' ജീവകാരുണ്യ കൂട്ടായ്മ**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി വടാട്ടുപാറ യൂണിറ്റിന്റെ

ജീവകാരുണ്യകൂട്ടായ്മയായ മന്നയുടെ അർദ്ധവാർഷികം 25.02.2024ന് സെന്റ് മേരീസ് പാരീഷ് ഹാളിൽ നടത്തി. വികാരി റവ. ഫാ. ജേക്കബ് വടക്കുംപറമ്പിൽ അദ്ധ്യക്ഷനായി. മദ്യവിരുദ്ധസമിതി രൂപതാ ഡയറക്ടർ റവ. ഫാ. ജെയിംസ് ഐക്കരമറ്റം ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ജെയിംസ് കോറമ്പേൽ, റവ. ഫാ. ജാക്സൺ കളപ്പുരയ്ക്കൽ, സി. ലീനസ് എഫ്.സി.സി, സി. ലിൻസിയ എം.എസ്.ജെ, ക്ലിൻസി ജിജു, ജസ്റ്റിൻ ജേക്കബ്, ജോയി പനയ്ക്കൽ, സാബു ജോസ്, ജോബി ജോസഫ്, കെ.എം. ജോയി, എൽസ മരിയ, സുനിൽ സോമൻ, എൻ.ഒ. തങ്കച്ചൻ, തോമസ് തറമുട്ടം, ബിജി രവി എന്നിവർ പ്രസംഗിച്ചു. തുടർന്നും പ്രവർത്തനം സജീവമാക്കാൻ തീരുമാനിച്ചു.

### *MVS 3/2024* മദ്യവിരുദ്ധ ഞായർ ആചരണം

മദ്യവിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ നൽകിയ സർക്കുലർ 25.02.2024ന് ഇടവകകളിൽ വായിച്ചു. മദ്യവിരുദ്ധ സഭയും സമൂഹവും എന്ന ആപ്തവാക്യം സ്വീകരിച്ചുകൊണ്ട് കെ.സി.ബി.സിയുടെ നേതൃത്വത്തിൽ മദ്യവിരുദ്ധ പ്രസ്ഥാനം ആരംഭിച്ചിട്ട് 25 വർഷം പിന്നിടുകയാണ്. രജതജൂബിലി വർഷത്തിൽ വിവിധ കർമ്മ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കാൻ സമിതി തീരുമാനിച്ചിട്ടുണ്ട്. നമ്മുടെ കുടുംബങ്ങൾ, ഇടവക, സ്കൂൾ, കോളേജുകൾ കേന്ദ്രീകരിച്ച് ബോധവൽക്കരണം നടത്തുക, ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുക, മദ്യ-ലഹരി വിരുദ്ധ യാത്ര, മദ്യവിരുദ്ധ പ്രാർത്ഥനാ സമ്മേളനങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുക.

*Director*

---

## ദീപിക ഫ്രണ്ട്സ് ക്ലബ്ബ്

---

### *DFC 9/2024* രൂപതാ എക്സിക്യൂട്ടീവ്

കോതമംഗലം രൂപതയുടെ നേതൃത്വത്തിൽ വന്യമൃഗശല്യത്തിന് ശാശ്വതപരിഹാരം അവശ്യപ്പെട്ട് ഫെബ്രുവരി 28-ന് നടത്തിയ മനുഷ്യാവകാശസംരക്ഷണറാലിയുടെ വിജയകരമായ നടത്തിപ്പിനെക്കുറിച്ച് ആലോചിക്കുന്നതിനായി DFC കോതമംഗലം രൂപത എക്സിക്യൂട്ടീവ് സമിതി ഫെബ്രുവരി 26-ന് നെസ്റ്റിൽ യോഗം ചേർന്നു. എല്ലാ

ഇടവകകളിൽ നിന്നും പരമാവധി പ്രവർത്തകരെ പങ്കെടുപ്പിക്കുവാൻ തീരുമാനിച്ചു.

*DFC 10/2024* **ഡ്രീം ലൈൻ പ്രൊജക്ട്**

കീരംപാറ സെന്റ് സെബാസ്റ്റ്യൻ ഇടവകയിൽ ഡ്രീം ലൈൻ പ്രൊജക്ട് നടത്തി. ഇതിന് സഹകരിച്ച വികാരി ഫാ. അരുൺ വലിയ താഴത്തിനും, കൈക്കാരന്മാർ, പാരിഷ് കൗൺസിൽ അംഗങ്ങൾ, DFC ഭാരവാഹികൾ, മറ്റ് സംഘടനാ പ്രവർത്തകർ എന്നിവർക്ക് DFC കോത മംഗലം രൂപതാ സമിതിയുടെ നന്ദിയും കൃതജ്ഞതയും നേരുന്നു.

*DFC11/2024* **Teacher's Copy Renewal**

രൂപതയുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപകരുടെ ദീപിക വാർഷിക വരിസംഖ്യ പുതുക്കുന്നതിനാവശ്യമായ ഫോമുകൾ എല്ലാ സ്കൂളുകളിലും എത്തിച്ചുനല്കി.

*Co-ordinator*

---

# യുവദീപ്തി- K.C.Y.M.

---

*YD 23/2024* **ഹെസദ് യുവജന ധ്യാനം**

യുവദീപ്തി KCYMകോതമംഗലം രൂപതയുടെ നേതൃത്വത്തിൽ യുവജന വർഷത്തിൽ യുവജനങ്ങൾക്കായി ഏപ്രിൽ 26, 27, 28, 29 എന്നീ ദിവസങ്ങളിലായി മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് റവ. ഫാ. തോമസ് വാളന്മനാൽ നേതൃത്വം നൽകുന്ന യുവജന ധ്യാനം നടത്തപ്പെടുന്നു. ഒരാൾക്ക് 900 രൂപ രജിസ്ട്രേഷൻ ഫീ ഉണ്ടായിരിക്കുന്നതാണ്. ധ്യാനത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് ഗൂഗിൾ ഫോം വഴി രജിസ്റ്റർ ചെയ്യാവുന്നതാണ്.

*YD 24/2024* **യുവജന വർഷാചരണം**

യുവജന ശുശ്രൂഷയിൽ പുതിയ ഉണർവ് നൽകുന്നതിന് കേരള കത്തോലിക്കാ മെത്രാൻ സമിതി (KCBC). 2024 കേരള കത്തോലിക്കാ സഭയിൽ യുവജന വർഷമായി പ്രഖ്യാപിച്ചതിനെത്തുടർന്ന് എല്ലാ യൂണിറ്റുകളിലും രൂപത ഓഫീസിൽ നിന്നും നൽകിയിരിക്കുന്ന യുവജന വർഷ പ്രാർത്ഥന ചൊല്ലുവാനും ദൈവാലയത്തിൽ യുവജന വർഷ ലോഗോ പ്രദർശിപ്പിക്കുവാനും KCYM പ്രവർത്തനങ്ങളുമാ

യി ബന്ധപ്പെട്ട് ഇറക്കുന്ന പോസ്റ്ററുകളിൽ യുവജനവർഷ ലോഗോ ചേർക്കുവാനും ഫോറോന, യൂണിറ്റ് ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ.

*YD 25/2024* **ജിബിൻ മെമ്മോറിയൽ ക്വിസ്**

യുവദീപ്തി കെ.സി.വൈ.എം കോതമംഗലം രൂപതയുടെ നേതൃത്വത്തിൽ ജിബിൻ മെമ്മോറിയൽ ക്വിസ് മത്സരം മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെട്ടു. രൂപത പ്രസിഡന്റ് ശ്രീ. ജെറിൻ വർഗീസ് ക്വിസ് മത്സരത്തിന് നേതൃത്വം നൽകി. രൂപത ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളിൽ, രൂപത അസി. ഡയറക്ടർ റവ. ഫാ. ജോർജ് പീച്ചാനികുന്നേൽ, രൂപത ട്രഷറർ ശ്രീ. സാവിയോ ജിജി, രൂപത സെക്രട്ടറി കുമാരി ഡിയ ഡായി, രൂപത സെനറ്റ് അംഗങ്ങളായ ശ്രീ. ഡിജോ ജെ പെരുമാലി, കുമാരി ഡോണ സാബു എന്നിവർ സന്നിഹിതരായിരുന്നു. മത്സരത്തിൽ വിജയികളായവർക്ക് രൂപത യുവജന കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

I മുതലക്കോടം യൂണിറ്റ്
II ചെപ്പുകുളം യൂണിറ്റ്
III നെടിയകാട് യൂണിറ്റ്
IV രണ്ടാർ യൂണിറ്റ്

*YD 26/2024* **പ്രതിഷേധം**

വർദ്ധിച്ചു വരുന്ന വന്യജീവി ആക്രമണങ്ങൾക്കെതിരെ കോതമംഗലം രൂപതയുടെ നേതൃത്വത്തിൽ കോതമംഗലം KSRTC പരിസരത്തുനിന്നും ആരംഭിച്ച് DFO ഓഫീസ് വരെ സംഘടിപ്പിച്ച ബഹുജന റാലിയിൽ വന്യജീവി ആക്രമണങ്ങളുടെ ഭീകരതയെ ചൂണ്ടിക്കാണിച്ചുകൊണ്ട് യുവദീപ്തി KCYM രൂപത യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ടാബ്ലോ ഒരുക്കി. റാലിയെ വിജയിപ്പിക്കുന്നതിനായി പരിശ്രമിച്ച എല്ലാ ഫൊറോന, യൂണിറ്റ് ഭാരവാഹികൾക്കും പങ്കെടുത്ത എല്ലാ യുവജന സുഹൃത്തുക്കൾക്കും കോതമംഗലം രൂപത യുവജന കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെട്ട ഇന്ദിര ചേച്ചിക്ക് ആദരാഞ്ജലി അർപ്പിച്ചും നിഷ്ക്രിയമാകുന്ന സർക്കാർ സംവിധാനങ്ങളോടുള്ള പ്രതിഷേധം അറിയിച്ചും കോതമംഗലം കത്തീഡ്രൽ പള്ളിയുടെ മുറ്റത്തു വച്ച് നടത്തപ്പെട്ട പ്രതിഷേധ ജ്വാലയിൽ യുവജനങ്ങൾ പങ്കെടുത്തു.

KCYM ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ മാർച്ച് 9 മുതൽ 10 വരെ അടിമാലി പട്ടണത്തിൽ വച്ച് നടന്ന 48 മണിക്കൂർ നീണ്ട ഉപവാ

സ സമരത്തിൽ കോതമംഗലം രൂപത യുവജന പ്രസ്ഥാനം ഐക്യ ദാർഢ്യം രേഖപ്പെടുത്തി.

*YD 27/2024* **കേശദാനം സ്നേഹദാനം**

യുവദീപ്തി KCYMകോതമംഗലം രൂപതയുടെ നേതൃത്വത്തിൽ ലോക വനിതാ ദിനത്തോടനുബന്ധിച്ച് അമല മെഡിക്കൽ കോളേജിന്റെ സഹകരണത്തോടെ ക്യാൻസർ രോഗികൾക്ക് വേണ്ടി 'കേശദാനം സ്നേഹദാനം' എന്ന പേരിൽ മാർച്ച് 8 വെള്ളിയാഴ്ച്ച മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് കേശദാന ക്യാമ്പയിൻ സംഘടിപ്പിച്ചു. പരിപാടിയിൽ സഹകരിച്ച ആനിക്കാട് മരിയ ബ്യൂട്ടി പാർലറിനും കേശദാനം നടത്തിയ പ്രിയ വനിതാ യുവജന സുഹൃത്തുക്കൾക്കും രൂപത കുടുംബത്തിന്റെ നന്ദി അറിയിക്കുന്നു.

*YD 28/2024* **അനുശോചനങ്ങൾ**

കെ.സി.ബി.സി. യൂത്ത് കമ്മീഷൻ സെക്രട്ടറിയും KCYM സംസ്ഥാന ഡയറക്ടറുമായ റവ. ഫാ. സ്റ്റീഫൻ തോമസ് ചാലക്കരയുടെ പിതാവ് സി. എ. തോമസിന്റെ നിര്യാണത്തിൽ KCYMകോതമംഗലം രൂപത അനുശോചനം അറിയിച്ചു.

*YD 29/2024* **പള്ളിമുറ്റം**

ഇടവകയിലെ യുവജനങ്ങളുമായി സംവദിക്കുക എന്ന ലക്ഷ്യത്തോടെ നടത്തിവരുന്ന പള്ളിമുറ്റം-ഇടവകയിൽ ഒരു സായാഹ്ന കൂട്ടായ്മ മാർച്ച് 10 ഞായറാഴ്ച പാറപ്പുഴ യൂണിറ്റിൽ വച്ച് നടത്തപ്പെട്ടു.

*Director*

## ജീസസ് യൂത്ത്

*JY 14/2024* **CPG, HOUSEHOLD & The Seraphic Stage Zonal Night Vigil**

**Sub-Zone Central Prayer Group**

കോതമംഗലം : ചൊവ്വാഴ്ചകളിൽ, സെന്റ് ജോസഫ് അസൈലം ഹോം, കോതമംഗലം
തൊടുപുഴ : ബുധനാഴ്ചകളിൽ, സെന്റ് സെബാസ്റ്റ്യൻ സ്കൂൾ, തൊടുപുഴ
മൂവാറ്റുപുഴ : വ്യാഴാഴ്ചകളിൽ, സെന്റ് അഗസ്റ്റിൻസ് സ്കൂൾ, മൂവാറ്റുപുഴ

ഏപ്രിൽ മാസത്തെ തൊടുപുഴ സബ് സോണിന്റെ ഹൗസ്ഹോൾഡ് കൂട്ടായ്മ 7-ാം തീയതി ഞായറാഴ്ച സെന്റ് സെബാസ്റ്റ്യൻസ് സ്കൂളിൽ വച്ചു നടത്തപ്പെടുന്നതാണ്. ഏപ്രിൽ മാസത്തെ കോതമംഗലം സോണൽ നൈറ്റ് വിജിൽ 12-ാം തീയതി മൂവാറ്റുപുഴ നെസ്റ്റിൽ വച്ച്

നടത്തപ്പെടുന്നതാണ്.

*JY 15/2024* **അരികെ 3.0**

ജീസസ് യൂത്ത് കോതമംഗലം സോണിലെ മിനിസ്ട്രി ലീഡേഴ്സിന്റെയും നേതൃത്വങ്ങളുടെയും കൂട്ടായ്മ 'അരികെ 3.0' ഏപ്രിൽ 19-ാം തീയതി മുതൽ 21-ാം തീയതി വരെ കോതമംഗലം സോൺ സർവീസ് ടീമിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്നു.

*JY 16/2024* **Uturn**

കോതമംഗലം ജീസസ് യൂത്ത് സർവീസ് ടീമിന്റെ ആഭിമുഖ്യത്തിൽ 12-ാം ക്ലാസ്സ് കഴിഞ്ഞ കുട്ടികൾക്കായി അഞ്ചു വർഷങ്ങൾക്ക് ശേഷം Uturn 2024, മെയ് മാസം 23-ാം തീയതി മുതൽ 26-ാം തീയതി വരെ കറുകടം മൗണ്ട് കാർമൽ കോളേജിൽ വച്ച് നടത്തപ്പെടുന്നു.

*Animator*

# കത്തോലിക്കാ കോൺഗ്രസ്

*CC 5/2024* **മനുഷ്യാവകാശ സംരക്ഷണ റാലി**

വന്യജീവി ആക്രമണങ്ങൾ വർധിച്ചു വരുന്ന സാഹചര്യത്തിൽ കോതമംഗലം രൂപതയുടെ നേതൃത്വത്തിൽ നടത്തുന്ന മനുഷ്യവകാശ സംരക്ഷണ റാലി വൻ വിജയമാക്കി തീർക്കുന്നതിന് എല്ലാവരുടെയും സജീവ സാന്നിധ്യ സഹകരണങ്ങൾ ഉണ്ടാകണമെന്ന് രൂപത സമിതി ആവശ്യപ്പെട്ടു.

രൂപതയുടെ നേതൃത്വത്തിൽ നടത്തുന്ന മനുഷ്യാവകാശ സംരക്ഷണ റാലിക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് കത്തോലിക്ക കോൺഗ്രസ് വാഴക്കുളം ഇടവക യൂണിറ്റ് ഭാരവാഹികൾ റവ. ഫാ. ജോസ് മോനിപ്പിള്ളി, ഫാ. സിറിൾ വള്ളോംകുന്നേൽ, ഫാ. മാത്യു എടാട്ട് തുടങ്ങിയവരുടെ സാന്നിധ്യത്തിൽ ഐക്യദാർഢ്യ തിരി തെളിച്ചു.

28.02.2024 ബുധനാഴ്ച വൈകുന്നേരം 03.30 ന് അഭിവന്ദ്യ ബിഷപ്പ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിന്റെ നേതൃത്വത്തിൽ നടത്തിയ മനുഷ്യാവകാശ സംരക്ഷണ റാലി വിജയമാക്കുവാൻ സഹകരിച്ച എല്ലാ രൂപത/ഫൊറോന/ഇടവക സമിതി ഡയറക്ടറച്ചന്മാരെയും, ഭാരവാഹികളെയും അംഗങ്ങളെയും രൂപത സമിതി അനുമോദിച്ചു.

*CC 6/2024* **വന്യജീവി ആക്രമണം തടയുന്നതിൽ സർക്കാർ സംവിധാനങ്ങൾ പരാജയപ്പെട്ടു**

നേര്യമംഗലത്ത് കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരുന്ന ഇന്ദിര

എന്ന സഹോദരി കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെട്ട സാഹചര്യത്തിൽ കത്തോലിക്ക കോൺഗ്രസ് കോതമംഗലം രൂപത സമിതി യോഗം ചേർന്ന് പ്രതിഷേധം രേഖപ്പെടുത്തി. തുടർച്ചയായ വന്യജീവി ആക്രമണത്തിനെതിരെയും അധികാരികളുടെ നിസ്സംഗതക്കെതിരെയും സമസ്ത മേഖലയിൽ നിന്നും പ്രതിഷേധങ്ങൾ ഉണ്ടായിട്ടും ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിനുള്ള ക്രിയാത്മകമായ നടപടികൾ സ്വീകരിക്കാത്ത ഭരണ സംവിധാനങ്ങൾ ജനങ്ങൾക്ക് ആവശ്യമില്ല എന്ന അഭിപ്രായമാണ് യോഗത്തിൽ ഉണ്ടായത്. രൂപത പ്രസിഡന്റ് ജോസ് പുതിയടത്തിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം രൂപത ഡയറക്ടർ റവ. ഡോ. മാനുവൽ പിച്ചളക്കാട്ട് ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി ജോൺ മുണ്ടങ്കാവിൽ, ട്രഷറർ ജോയ് പോൾ, രൂപത സമിതി ഭാരവാഹികൾ തുടങ്ങിയവർ സംസാരിച്ചു.

*CC 7/2024* **വിശ്വാസ സംരക്ഷണ റാലി**

പൂഞ്ഞാർ സെന്റ് മേരീസ് ഫൊറോനാ പള്ളിയിൽ തിരുക്കർമ്മങ്ങൾ തടസ്സപ്പെടുത്തുകയും വൈദികനെ ആക്രമിക്കുകയും ചെയ്ത കുറ്റവാളികളെ മാതൃകാപരമായി ശിക്ഷിക്കണം എന്നും മതസൗഹാർദത്തിന് കോട്ടം വരുത്തുന്ന ഇത്തരം അക്രമങ്ങളിൽ നിന്ന് ദൈവാലയങ്ങളും ദൈവിക ശുശ്രൂഷകരും സംരക്ഷിക്കപ്പെടണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കോതമംഗലം രൂപതയിലെ വാഴക്കുളം സെന്റ് ജോർജ് ഫൊറോന പള്ളിയിലെ കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ പിതൃവേദി, കെ.സി.വൈ.എം., മാതൃവേദി തുടങ്ങി വിവിധ സംഘടനകളുടെ ആഭിമുഖ്യത്തിൽ വിശ്വാസ സംരക്ഷണ റാലി നടത്തി. കത്തോലിക്ക കോൺഗ്രസ് കോതമംഗലം രൂപത പ്രസിഡന്റ് ജോസ് പുതിയടം ഉദ്ഘാടനം ചെയ്തു. വികാരി റവ. ഫാ. ജോസ് കുഴികണ്ണിയിൽ, റവ. ഫാ. ജോസ് മോനിപ്പിള്ളി, ഫാ. സിറിൾ വള്ളോംകുന്നേൽ, ഫാ. മാത്യു എടാട്ട് തുടങ്ങിയവർ പ്രസംഗിച്ചു.

*Director*

# പ്രാർത്ഥനാഗ്രൂപ്പ്

*PG 13/2024* **സോൺ സർവീസ് ടീം**

ആനിമേറ്ററച്ചനോട് ചേർന്ന് ഏപ്രിൽ മാസം 2 -ാം തീയതി ചൊവ്വാഴ്ച്ച രാവിലെ 10 മണി മുതൽ പതിവ് ശുശ്രൂഷകളോടെ കാരക്കുന്നത്ത് കൂടുന്നതാണ്.

*PG 14/2024* **കാരക്കുന്നം ശുശ്രൂഷകൾ**

05.04.24 മാസാദ്യ വെള്ളിയാഴ്ചയാണ്. പതിവു പോലെ വൈകിട്ട് 4.30 മുതൽ രാത്രി 9.30 വരെ കാരക്കുന്നം പള്ളിയിൽ കുരിശിന്റെ വഴി, വിശുദ്ധ കുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യ ആരാധന, ജപമാല റാലി എന്നിവയോടെ നടത്തപ്പെടുന്നതാണ്

*PG 15/2024* **വെള്ളിയാഴ്ച അർദ്ധദിന ശുശ്രുഷകൾ**

ഏപ്രിൽ മാസത്തിലെ വെള്ളിയാഴ്ച ദിവസങ്ങളിൽ ശുശ്രുഷകൾ രാവിലെ 9.30 മുതൽ 1.30 വരെ നടത്തപ്പെടുന്നതാണ്.

*PG 16/2024* **മദ്ധ്യസ്ഥ പ്രാർത്ഥന**

കാരക്കുന്നം ശുശ്രൂഷകൾക്കായി ബുധനാഴ്ച ദിവസങ്ങളിൽ രാത്രി 9 മുതൽ 10 വരെ നടത്തപ്പെടുന്ന മദ്ധ്യസ്ഥ പ്രാർത്ഥന ഏപ്രിൽ മാസത്തിലും തുടരും.

*PG 17/2024* **സോൺ മദ്ധ്യസ്ഥ പ്രാർത്ഥന**

ഏപ്രിൽ മാസത്തിലെ സോൺ മദ്ധ്യസ്ഥ പ്രാർത്ഥന 16.04.2024 ന് മൂന്നാം ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ 12.30 വരെ കാരക്കുന്നം ദൈവാലയത്തിൽ നടക്കുന്നതാണ്.

*PG 18/2024* **മലേക്കുരിശു തീർത്ഥാടനം**

കോതമംഗലം സോണിന്റെ നേതൃത്വത്തിൽ മലേക്കുരിശു തീർത്ഥാടനം മാർച്ച് 18-ന് നടത്തി.

*PG 19/2024* **തൊടുപുഴ മേഖല ബൈബിൾ കൺവെൻഷൻ**

കോതമംഗലം രൂപത തൊടുപുഴ മേഖല ബൈബിൾ കൺവെൻഷൻ മാർച്ച് 23, 24, 25, 26, 27 തീയതികളിൽ മുതലക്കോടം സെന്റ് ജോർജ് ദൈവാലയത്തിൽ നടത്തി.

*Director*

---

# കേരള ലേബർ മൂവ്മെന്റ്

*KLM 8/2024* **സുവർണ്ണ ജൂബിലി ആഘോഷം**

കേരള ലേബർ മൂവ്മെന്റിന്റെ സുവർണ്ണ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് ഏപ്രിൽ 28-ാം തീയതി എറണാകുളം രാജേന്ദ്ര മൈതാനത്തു നടക്കുന്ന സമ്മേളനത്തിലും റാലിയിലും രൂപതയിൽ നിന്നും 300 പ്രതിനിധികളെ പങ്കെടുപ്പിക്കാൻ തീരുമാനിച്ചു.

*KLM 8/2024* **വനിതാ ദിനാഘോഷം**

കേരളാ ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിലുള്ള വനിതാ ദിനാഘോഷങ്ങളുടെ ഭാഗമായി നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് മാർച്ച് 12-ന് സ്ത്രീ ശാക്തീകരണ സെമിനാർ നടത്തി. രൂപതാ വനിതാ ഫോറം പ്രസിഡന്റ് ലിറ്റി റോണി ആദ്ധ്യക്ഷത വഹിച്ച യോഗം കെ. എൽ. എം. രൂപതാ ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വലിയതാഴത്ത് ഉദ്ഘാടനം ചെയ്തു. ശ്രീമതി നിഷാ സോമൻ ക്ലാസ്സ് നയിച്ചു. വനിതാ ഫോറം രൂപതാ ഭാരവാഹികളായ ലാലി ഷാജി, ലിസമ്മ മാത്യു, ജാൻസി ജോഷി എന്നിവർ ചർച്ചകൾക്ക് നേതൃത്വം നൽകി.

*Director*

---

# ഇൻഫാം

*INF 5/2024* **ചർച്ചകൾ**

ഇൻഫാം സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ വരാപ്പുഴ, കോട്ടപ്പുറം, പൊന്നുരുന്നി, ഇടുക്കി, കാഞ്ഞിരപ്പള്ളി കാർഷിക ജില്ലകൾ സന്ദർശിച്ചു. വരാപ്പുഴ ആർച്ച് ബിഷപ്പ് മാർ ജോസഫ് കളത്തിപ്പറമ്പിൽ, കോട്ടപ്പുറം ബിഷപ്പ് മാർ അംബ്രോസ് പുത്തൻവീട്ടിൽ, ഇടുക്കി ബിഷപ്പ് മാർ ജോൺ നെല്ലിക്കുന്നേൽ, ഫാ. ജോസ് കൊളുത്തുപള്ളിൽ, ഫാ. സിബിൻ മനയംപിള്ളിൽ തുടങ്ങിയവരുമായി ഇൻഫാം സംസ്ഥാന ഡയറക്ടർ ഫാ. ജോസ് മോനിപ്പിള്ളി, സംസ്ഥാന പ്രസിഡന്റ് ജോസ് എടപ്പാട്ട്, ജോയി തെങ്ങുംകുടിയിൽ, സണ്ണി അരഞ്ഞാണിയിൽ, വി. എം ഫ്രാൻസിസ്, തോമസ് രാജൻ എന്നിവർ ചർച്ചകൾ നടത്തി.

വാഴപ്പിള്ളി വിമലഗിരി ബിഷപ്പ്സ് ഹൗസിലെത്തി മൂവാറ്റുപുഴ രൂപത മെത്രാപ്പോലീത്ത ഡോ. യൂഹാനോൻ മാർ തിയഡോഷ്യസ്, വികാരി ജനറാൾ ഫാ. തോമസ് ഞാറക്കാട്ട് കോർ എപ്പിസ്കോപ്പ എന്നിവരുമായും ചർച്ചകൾ നടത്തി.

കാർഷിക മേഖല അനുദിനം അഭിമുഖീകരിക്കുന്ന വിവിധ പ്രതിസന്ധികൾ ചർച്ചാവിഷയമായി. കർഷകർ നേരിടുന്ന കടുത്ത സാമ്പത്തിക ബാധ്യതകൾ, വായ്പാ തിരിച്ചടവ് ആവശ്യപ്പെട്ടുകൊണ്ട് ബാങ്കുകളിൽ നിന്ന് ലഭിക്കുന്ന നോട്ടീസുകൾ, കൃഷിയിടത്തിലും ജീവനും നേരിടുന്ന വന്യമൃഗ ഭീഷണി, കാർഷികോത്പന്നങ്ങളുടെ കനത്ത വിലയിടിവ്, വിപണിയിലെ വിലക്കയറ്റം തുടങ്ങിയവ യോഗത്തിൽ ചർച്ചാവിഷയമായി.

വിവിധ യോഗങ്ങളിലായി ഫാ. ബിനോയി, ഫാ. സോജൻ, പി. എസ് ബേബി, ജോസ് പോൾ തുടങ്ങിയവർ പ്രസംഗിച്ചു.

*INF 6/2024* **വന്യമൃഗങ്ങൾ ക്രമാതീതമായി ജനവാസമേഖലയിലിറങ്ങുന്നത് അന്വേഷണ വിധേയമാക്കണമെന്ന് ഇൻഫാം**

കാലാവസ്ഥ വ്യതിയാനം മൂലമുള്ള ഉയർന്ന താപനിലയും കാട്ടിലെ ജല ലഭ്യതക്കുറവും ഇന്നത്തേക്കാൾ രൂക്ഷമായ തോതിൽ മുൻ കാലങ്ങളിൽ ഉണ്ടായിട്ടുണ്ട്. അന്നൊന്നുമില്ലാത്ത മൃഗവിളയാട്ടമാണ് ഇന്ന് മനുഷ്യരുടെ നേർക്കെന്ന് ഇൻഫാം സംസ്ഥാന ഡയറക്ടർ ഫാ. ജോസ് മോനിപ്പിള്ളി, പ്രസിഡന്റ് ജോസ് എടപ്പാട്ട് എന്നിവർ പറഞ്ഞു.

കാട്ടാന, പോത്ത്, പന്നി, കടുവ, പുലി, കുരങ്ങുകൾ തുടങ്ങിയവ വിറളി പിടിച്ച് എത്തുന്നതാണ് സംശയകരം.

ഭക്ഷണവും ജലവും തേടിയാണ് വന്യമൃഗങ്ങൾ ജനവാസ മേഖലയിലെത്തുന്നതെന്ന പതിവു പല്ലവി ഇനി മലയോര ജനതയ്ക്ക് ആവശ്യമില്ലെന്നും എന്തുകൊണ്ട് ഇപ്രകാരം സംഭവിക്കുന്നുവെന്ന് അന്വേഷിച്ചറിയാൻ അധികൃതർ തയ്യാറാകണമെന്നും യോഗം ആവശ്യമുന്നയിച്ചു.

ദേശീയ ട്രഷറർ ജോയി തെങ്ങുംകുടിയിൽ, സെക്രട്ടറി സണ്ണി അരഞ്ഞാണിയിൽ, സംസ്ഥാന സെക്രട്ടറി പി. പി അഗസ്റ്റിൻ, വൈസ് പ്രസിഡന്റ് സ്കറിയ നെല്ലംകുഴി എന്നിവർ പ്രസംഗിച്ചു.

*Director*

# നെസ്റ്റ് പ്രോഗ്രാം

**Ph. 0485 - 2830033**

**April 2024**

| | | |
|---|---|---|
| 4 - 6 | - | Pre Marriage Course |
| 12 - 14 | - | CML Retreat |
| 15 - 16 | - | Gems Meeting CML |
| 18 - 20 | - | Pre Marriage Course |
| 20 | - | Pastoral Council |
| 21 | - | KCYM Council |
| 22 - 24 | - | CML Retreat |
| 23 | - | Presbyterium |
| 26 - 29 | - | KCYM Retreat |

*Director*

# തിരുനാൾ മംഗളങ്ങൾ

| | | | |
|---|---|---|---|
| Rev. Fr. | Peringarappillil Sotter | **April** | 22 |
| " | Chemparathy George | " | 24 |
| " | Chettoor George | " | 24 |
| " | Edathala George | " | 24 |
| " | Kadukummackal George | " | 24 |
| " | Kannadan Varghese | " | 24 |
| " | Kapiarumala George | " | 24 |
| " | Karakunnel George | " | 24 |
| " | Kariamadam George | " | 24 |
| " | Kochuparambil George | " | 24 |
| " | Kurisummoottil George | " | 24 |
| Rev. Mgr. | Kurukkoor George | " | 24 |
| Rev. Fr. | Mammoottil George | " | 24 |
| " | Mandapathil Varkey | " | 24 |
| " | Marappillil George | " | 24 |
| " | Nedumkallel George | " | 24 |
| " | Nedungatt George | " | 24 |
| " | Nirappath George | " | 24 |
| " | Oliapuram George (Jr.) | " | 24 |
| " | Oliapuram George (Sr.) | " | 24 |
| " | Paramel Varghese | " | 24 |
| " | Pallikunnel Georgy | " | 24 |
| " | Parankimyalil George | " | 24 |
| " | Peechanikunnel George | " | 24 |
| " | Pottackal George | " | 24 |
| " | Pullan George | " | 24 |
| " | Thachil George | " | 24 |
| " | Thadikkatt George | " | 24 |
| " | Thanathuparambil George | " | 24 |
| " | Thekkeattath George | " | 24 |
| " | Thekkekara George | " | 24 |
| " | Uralikunnel George | " | 24 |
| " | Vadakel George | " | 24 |
| " | Vallomkunnel George | " | 24 |
| " | Vandanakara George | " | 24 |

# രൂപതാദ്ധ്യക്ഷന്റെ ഡയറി

**ഫെബ്രുവരി 2024**

27 • എറണാകുളം മേജർ ആർച്ച്ബിഷപ്പ് ഹൗസിൽ കോതമംഗലം രൂപത കൂരിയ അംഗങ്ങളോടൊപ്പം പ്രൊവിൻഷ്യൽ കൂരിയാ മീറ്റിംഗിൽ പങ്കെടുത്തു.

28 • വ്യാപകമായ വന്യമൃഗ ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ കോതമംഗലം രൂപതയുടെ നേതൃത്വത്തിൽ കോതമംഗലം ടൗണിൽ നടത്തിയ റാലിയിൽ പങ്കെടുത്ത് സന്ദേശം നൽകി.

29 • കരിമണ്ണൂർ ദൈവാലയത്തിൽ 40 മണി ആരാധനയോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

**മാർച്ച് 2024**

01 • കത്തീഡ്രൽ ദൈവാലയത്തിൽ ചാൽഭാഗം ആന്റണി റാഫേലിന്റെ ഭാര്യ ലൂസിയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു.

• കോഴിപ്പിള്ളി എസ് ഡി പ്രൊവിൻഷ്യൽ ഹൗസിൽ സി. മാഗി എസ്. ഡി. യുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു.

03 • പൈങ്ങോട്ടൂർ ദൈവാലയത്തിൽ നടത്തപ്പെട്ട ദിവ്യകാരുണ്യ കൺവെൻഷനോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

04 • നേര്യമംഗലത്ത് വന്യമൃഗ ആക്രമണത്തിൽ ഇന്ദിര എന്ന സ്ത്രീ കൊല്ലപ്പെട്ട സാഹചര്യത്തിൽ, കത്തീഡ്രൽ ദൈവാലയ അങ്കണത്തിൽ നടത്തിയ പ്രതിഷേധ ജ്വാലയിൽ പങ്കെടുത്തു.

05 • മലയിൻകീഴ് സ്നേഹാലയത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

06 • നേര്യമംഗലത്ത് വന്യമൃഗ ആക്രമണത്തിൽ മരണപ്പെട്ട ഇന്ദിരയുടെ ഭവനം സന്ദർശിച്ചു. തുടർന്ന് വന്യമൃഗ ഭീഷണിയിൽ കഴിയുന്ന മാമലക്കണ്ടം പ്രദേശത്തെ ജനങ്ങളെ സന്ദർശിച്ചു.

07 • ബിഷപ്പ് ഹൗസിൽ നടന്ന വികാരിയച്ചന്മാരുടെ പ്രത്യേക സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.

08 • മൂവാറ്റുപുഴ നിർമ്മല ഹയർ സെക്കൻഡറി സ്കൂളിൽ മാതൃവേദിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട വനിതാദിന ആഘോഷ

ങ്ങളിൽ പങ്കെടുത്ത് സന്ദേശം നൽകി.

- തൊടുപുഴ ഡിവൈൻ മേഴ്സി ഷ്റൈനിൽ മേജർ ആർച്ച്ബിഷപ്പ് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന് സ്വീകരണം നൽകി, മേജർ ആർച്ച്ബിഷപ്പിനോടൊപ്പം വിശുദ്ധ കുർബാന അർപ്പിച്ചു.

09 • വാഴക്കുളം വിശ്വജ്യോതി കോളേജിൽ നടന്ന ജൂബിലി ആഘോഷിക്കുന്ന പ്ലസ് ടു സ്കൂളുകളുടെ സമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

- പരീക്കണ്ണി ജീവോദയ സെന്ററിൽ കർഷകരുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് വിതരണം നടത്തി, സന്ദേശം നൽകി.

10 • വടകോട് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

11 • മൈനർ സെമിനാരിയിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

- ബിഷപ്സ് ഹൗസിൽ നടന്ന അസി. വികാരിമാരുടെ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.

12 • നാടുകാണി സെന്റ് തോമസ് മൗണ്ടിലേക്ക് കുരിശിന്റെ വഴി തീർത്ഥാടനം നടത്തി.

13 • ബിഷപ്സ് ഹൗസിൽ നടന്ന രൂപത ഫിനാൻസ് കൗൺസിൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

14 • നിർമ്മല കോളേജിൽ പ്രിൻസിപ്പൽ ഡോ. കെ. വി. തോമസ് സാറിന്റെ യാത്രയയപ്പ് സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു സന്ദേശം നൽകി.

- തിരുവല്ല ബിഷപ്സ് ഹൗസിൽ നടന്ന മെത്രാന്മാരുടെ റീജിയണൽ ധ്യാനത്തിൽ പങ്കെടുത്തു.

16 • കത്തീഡ്രൽ ദൈവാലയത്തിൽ 40 മണി ആരാധനയോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

- മാറികയിൽ എസ്.എ.ബി.എസ്. സമൂഹാംഗമായ സി. ജെലാസിയയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു.
- പാറപ്പുഴ ഇടവകയിൽ നിർമ്മിച്ച കപ്പേളയുടെ വെഞ്ചരിപ്പ് നടത്തി വിശുദ്ധ കുർബാന അർപ്പിച്ചു.

17 • ചെങ്കുളത്ത് സെമിനാരി അധ്യാപകരുടെ പരിശീലനത്തോടനുബന്ധിച്ച് നടത്തിയ സമ്മേളനം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി.

18-20● തൃശ്ശൂർ മേരി മാതാ മേജർ സെമിനാരിയിൽ നടത്തപ്പെട്ട പാറോക്ക് സെമിനാറിൽ പങ്കെടുത്തു.

21 ● കോട്ടപ്പടി ഇടവകയിൽ പുതുതായി നിർമ്മിച്ച ഗ്രോട്ടോയുടെ വെഞ്ചരിപ്പ് നടത്തി വിശുദ്ധ കുർബാന അർപ്പിച്ചു.

# Bishop's Engagements

## April 2024

| | | | |
|---|---|---|---|
| 02 | Tue | Entrepreneurs' Meeting | NESTT |
| 03 | Wed | Mangalapuzha Seminary | Aluva |
| 04-06 | | Episcopal Ordination | Indore |
| 07 | Sun | Holy Qurbana | Divine Mercy Shrine |
| 08 | Mon | Ordination | Nakapuzha |
| 09 | Tue | Holy Qurbana | Neyyassery |
| 10 | Wed | Interview | Minor Seminary |
| 11 | Thu | Big Families Meet | VJCET, Vazhakulam |
| 13 | Sat | Jubilee | Nedungapra |
| 14 | Sun | Holy Qurbana | Arakuzha |
| 15 | Mon | SABS Vestition | Thodupuzha |
| 16 | Tue | Presbyteral Council | Bishop's House |
| 18 | Thu | Holy Qurbana | Marika |
| 19 | Fri | Catechetical Committee | Bishop's House |
| 20 | Sat | Pastoral Council | NESTT |
| 22 | Mon | CMC Vestition | Cathedral |
| | | Holy Qurbana | Cathedral |
| 23 | Tue | Presbyterium | NESTT |
| | | Holy Qurbana | Muthalakodam |
| 25 | Thu | Ordination | Vadakode |
| 26 | Fri | Deepika Apex Body Meeting | Kakkanad |
| 27 | Sat | SD Vestition | Aluva |

# നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. പോൾ മാളിയേക്കൽ | ചരമദിനം | 03-05-1988 |
| ഫാ. ചെറിയാൻ പുളിക്കൽ | ” | 04-05-1973 |

| | | |
|---|---|---|
| ഫാ. പോൾ കുഴിക്കാട്ട് | ” | 05-05-1976 |
| ഫാ. ജോസഫ് നമ്പ്യാപറമ്പിൽ (Sr.) | ” | 06-05-1989 |
| ഫാ. മാത്യു കാക്കനാട്ട് (Sr.) | ” | 07-05-2006 |
| ഫാ. ജോസഫ് താഴത്തുവീട്ടിൽ | ” | 08-05-1977 |
| ഫാ. അഗസ്റ്റിൻ വട്ടക്കുഴി | ” | 08-05-1995 |
| ഫാ. വറുഗീസ് ചേറ്റൂർ | ” | 10-05-1959 |
| ഫാ. ജോർജ് മോനിപ്പിള്ളി | ” | 12-05-2005 |
| ഫാ. ജോർജ് കാരക്കുന്നേൽ | ” | 14-05-1986 |
| ഫാ. മാത്യു ഏനാനിക്കൽ | ” | 15-05-1980 |
| ഫാ. ജേക്കബ് തേവർപാടം (Sr.) | ” | 17-05-1985 |
| ഫാ. ലൂക്ക് ഞരളക്കാട്ട് | ” | 17-05-2023 |
| ഫാ. ജോസഫ് നെല്ലിക്കുന്നേൽ | ” | 19-05-2022 |
| ഫാ. ജേക്കബ് വട്ടയ്ക്കാട്ട് | ” | 22-05-1999 |
| ഫാ. ജോസഫ് കൊച്ചുപറമ്പിൽ | ” | 25-05-2005 |
| ഫാ. പോൾ കാക്കനാട്ട് (Sr.) | ” | 27-05-1963 |
| ഫാ. ജോസഫ് മുണ്ടയ്ക്കൽ (Sr.) | ” | 29-05-2013 |
| ഫാ. ജോൺ മാതേയ്ക്കൽ | ” | 31-05-1995 |

# നിര്യാതരായി

## സി. മാഗി വലിയവീട്ടിൽ SD

| | | |
|---|---|---|
| ഇടവക | - | എടത്തുരുത്തി (ഇരിങ്ങാലക്കുട രൂപത) |
| ജനനം | - | 28-02-1959 |
| ആദ്യവ്രതം | - | 04-01-1984 |
| നിത്യവ്രതം | - | 19-03-1991 |
| മരണം | - | 29-02-2024 |
| മൃതസംസ്കാരം | - | 01-03-2024 (കോഴിപ്പിള്ളി) |

## സി. ജെലാസിയ SABS (കല്ലറയ്ക്കൽ)

| | | |
|---|---|---|
| ഇടവക | - | മേലുകാവുമറ്റം |
| ജനനം | - | 29-10-1942 |
| ആദ്യവ്രതം | - | 25-04-1966 |
| നിത്യവ്രതം | - | 24-04-1971 |
| മരണം | - | 15-03-2024 |
| മൃതസംസ്കാരം | - | 16-03-2024 (മാറിക) |



2024 മാർച്ച് 1ന് അഭിവന്ദ്യ പിതാവ് വെഞ്ചരിച്ച പാറപ്പുഴ
സെന്റ് ആന്റണീസ് കപ്പേള



2024 മാർച്ച് 17ന് രൂപതാഭിമുഖ്യത്തിൽ നടന്ന നാടുകാണി
കുരിശുമല തീർത്ഥാടനം



2024 മാർച്ച് 21ന് അഭിവന്ദ്യ പിതാവ് വെഞ്ചരിച്ച കോട്ടപ്പടി
സെന്റ് സെബാസ്റ്റ്യൻസ് പള്ളിയുടെ ഗ്രോട്ടോ

Deivarajyam
April 2024

R.N.7623/63
Registered No : KL/ALY/0020/2023-2025
Date of Publication : 01/04/2024
Posted at Thodupuzha Stg.
Annual Subscription ₹500

# EPARCHY OF KOTHAMANGALAM

Bishop's House P.B No.6 Kothamangalam - 686 691
Kerala, India
www.dioceseofkothamangalam.org

Printed at Sanjo Offset Press, Kothamangalam
Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691